# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 നവംബർ 16 | ദീപം 56 | നാളം 36 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




ഡിജോ കാപ്പൻ




**ലോ**കത്തിനു മുന്നിൽ കേരളത്തെ അടയാളപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനസർക്കാർ സംഘടിപ്പിക്കുന്ന 'കേരളീയ'ത്തിന് കേരളപ്പിറവിദിനത്തിലാണല്ലോ തിരുവനന്തപുരത്തു തുടക്കംകുറിച്ചത്. ചലച്ചിത്രതാരങ്ങളായ കമൽഹാസൻ, മമ്മൂട്ടി, മോഹൻലാൽ, ശോഭന, വിദേശരാജ്യപ്രതിനിധികൾ, മന്ത്രിമാർ, വ്യവസായപ്രമുഖർ എന്നിവർ പങ്കെടുത്ത ഉദ്ഘാടനച്ചടങ്ങു ഗംഭീരമായി. മലയാളികൾ വ്യക്തിത്വത്തിന്റെ സത്ത തിരിച്ചറിയുന്നില്ലെന്നു പരിഭവപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ ഓരോ കേരളീയന്റെയും ആത്മവിശ്വാസം കേരളീയം ഉയർത്തുമെന്നു പ്രതീക്ഷ പ്രകടിപ്പിച്ചു. എന്നാൽ, കേരളീയം ആഘോഷം നടന്ന ദിവസങ്ങളിലുണ്ടായ ചില സംഭവങ്ങളും അതു സംബന്ധിച്ചു വന്ന വാർത്തകളും ശ്രദ്ധിക്കുന്ന മലയാളിക്ക് ആത്മവിശ്വാസമാണോ, ഭാവിയെക്കുറിച്ച് ഉത്കണ്ഠയാണോ ഉണ്ടാകുന്നതെന്നു ചർച്ച ചെയ്യപ്പെടുകയാണ്.

# കടക്കെണിയിൽ താളംതുള്ളി കേരളീയം



കാലാവധി പൂർത്തിയായിട്ടും ശ്രീരാമകൃഷ്ണമിഷനിലെ നിധി കേജ്‌രിവാളിന്റെ മുപ്പതുകോടിയുടെ നിക്ഷേപത്തുക കേരള ട്രാൻസ്പോർട്ട് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ തിരിച്ചുനൽകുന്നില്ലെന്ന കേസ് നിലവിലുണ്ട്. കേരളപ്പിറവിദിനത്തിൽ കേസ് ഹൈക്കോടതിയുടെ പരിഗണനയ്ക്കെത്തിയപ്പോൾ സർക്കാർ നൽകിയ സത്യവാങ്മൂലത്തിൽ പറയുന്നതു സ്ഥാപനം വലിയ സാമ്പത്തികഞെരുക്കത്തിലാണെന്നും പണം തിരിച്ചുനൽകാൻ ബാധ്യതയില്ലെന്നുമാണ്. നിക്ഷേപത്തിന് ഗാരന്റി നിന്നിട്ട് ഇത്തരത്തിൽ സത്യവാങ്മൂലം നൽകുന്നത് സംസ്ഥാനത്തിന് നാണക്കേടാണെന്ന് കേസു പരിഗണിച്ച ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ അഭിപ്രായപ്പെട്ടു. സർക്കാരിന്റെ സ്ഥാപനം എന്ന വിശ്വാസത്തിലാണു ജനം പണം നിക്ഷേപിച്ചത്. പിന്നെ എങ്ങനെ സർക്കാരിനു കൈയൊഴിയാനാകും? നിക്ഷേപം തിരിച്ചുനൽകാൻ ബാധ്യതയില്ലയെന്ന് ആരാഞ്ഞ കോടതി ഇക്കാര്യം വ്യക്തമാക്കി അധിക സത്യവാങ്മൂലം നൽകാൻ നിർദേശിച്ചിരിക്കുകയാണ്. കെ.ടി.ഡി.എഫ്.സി. യിൽനിന്ന് 2018 ൽ കെ.എസ്.ആർ.ടി.സി. വായ്പയെടുത്ത 350 കോടി രൂപ പലിശയും പിഴപ്പലിശയുമായി ഇപ്പോൾ 780 കോടിയുടെ ബാധ്യതയിൽ എത്തിയിട്ടും ട്രാൻസ്പോർട്ട് കോർപ്പറേഷൻ പണം തിരിച്ചടയ്ക്കാതെവന്നതാണ് പ്രതിസന്ധിക്കിടയാക്കിയതെന്നു മനസ്സിലാക്കുന്നു.

പണം വായ്പ നൽകുമ്പോൾ ജാമ്യക്കാരനെയോ അല്ലെങ്കിൽ മുതലും പലിശയും ഈടാക്കാൻ തക്കതായ ഭൂമിയോ സ്വർണമോ ഈടു വാങ്ങിയശേഷമേ ബാങ്കുകൾ പണം നൽകാറുള്ളൂ. വായ്പയെടുത്തയാൾ പണം തിരിച്ചടയ്ക്കുന്നില്ലെങ്കിൽ ജാമ്യംനിന്നയാൾ പണം അടച്ചുകൊള്ളാമെന്ന വ്യവസ്ഥയിലാണു പണം കടം കൊടുക്കുന്നത്. സ്വർണമാണെങ്കിൽ അതു വിറ്റ് ബാങ്കു പണം സ്വരൂപിക്കും. കോടതിക്കേസുകളിൽ പ്രതിയാകുന്നവർക്കു ജാമ്യം ലഭിക്കണമെങ്കിൽ കരം കുടിശ്ശിക ഇല്ലാത്ത വ്യക്തി കരം അടച്ച രസീതുമായി എത്തിയാണു പ്രതികളെ ജാമ്യത്തിലിറക്കുന്നത്. പ്രതി യഥാസമയം ഹാജരായില്ലെങ്കിൽ തുടർനടപടി ജാമ്യക്കാരന്റെ പേരിലാവും കോടതി എടുക്കുക. കെ.റ്റി.ഡി.എഫ്.സി. കേസിലെ നിലപാടിൽ സർക്കാർ ഉറച്ചുനിന്നാൽ വ്യക്തികൾക്കും ഈ പണം കൊടുക്കാനുള്ള കാര്യത്തിൽ ഇതേ നിലപാട് എടുക്കാൻ പറ്റില്ലെന്നു പ്രോസിക്യൂഷനു പറയാൻ കഴിയാതെ വരും.

ധനകാര്യസ്ഥാപനങ്ങളിൽനിന്നു പണം കടം എടുത്തിട്ടു തിരിച്ചടയ്ക്കാതിരുന്നാൽ എന്താണ് അനുഭവം എന്നതിനു നവംബർ ഒന്നിന് ഇന്ത്യയിൽനിന്നുതന്നെ ഉത്തരമുണ്ട്. ജെറ്റ് എയർവേസ് സ്ഥാപകൻ എഴുപത്തിനാലു വയസ്സുള്ള നരേഷ് ഗോയലിനു കള്ളപ്പണ ഇടപാട് ഉൾപ്പെടെയുള്ള കേസിൽ മുംബൈയിലെ ആർതർ റോഡ് ജയിലിലായിരിക്കേ നവംബർ ഒന്നിന് 538 കോടി രൂപയുടെ സ്വത്തുക്കൾ കണ്ടുകെട്ടിയ വിവരം അറിയേണ്ടിവന്നു. വിമാനക്കമ്പനിക്ക് വിവിധ ബാങ്കുകൾ നല്കിയ 848 കോടിയുടെ വായ്പയിൽ 538 കോടിയുടെ കുടിശ്ശിക ഉണ്ടായതിനെത്തുടർന്ന് ബാങ്കു നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ നടപടി.

ഡ്രൈവിങ് ടെസ്റ്റ് പാസായിട്ടും സർക്കാർ മൂന്നു കോടി രൂപയോളം കൊടുക്കാത്തതുകൊണ്ട് വാഹനമോടിക്കാൻ സാധിക്കുന്നില്ലെന്ന പരാതിയുമായി കുറേപ്പേർ കേരളത്തിലുണ്ട്. വാഹനരജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളുടെയും ഡ്രൈവിങ് ലൈസൻസുകളുടെയും വിതരണം തപാൽവകുപ്പു മുഖേനയാണ്. സംസ്ഥാനത്തെ ജോയിന്റ് ആർ.ടി.ഒ. ഓഫീസിൽ പ്രിന്റ് ചെയ്തിരുന്ന ലൈസൻസ് 2022 ഏപ്രിൽമുതലാണ് കേന്ദ്രീകൃതസ്വഭാവത്തിൽ കാക്കനാട്ടേക്കു മാറ്റിയത്. ജൂലൈമുതൽ സെപ്റ്റംബർ വരെ പ്രിന്റു ചെയ്ത ലൈസൻസുകൾ മേൽവിലാസക്കാർക്കെത്തിച്ചു നൽകിയ ഇനത്തിൽ 2.84 കോടി രൂപയാണ് തപാൽവകുപ്പിനു സർക്കാർ നൽകാനുള്ളത്. ഈ പണം കിട്ടാതെ ഇനി ലൈസൻസുകളുടെ കൈമാറ്റം ഉണ്ടാവില്ലെന്നാണ് തപാൽവകുപ്പിന്റെ നിലപാട്. ടെസ്റ്റു പാസായിട്ടും കാര്യമില്ല, സർക്കാരിന്റെ കൈയിൽ പണം വേണ്ടേ വണ്ടിയോടിക്കാൻ!

നവംബർ ഒന്നിന് സംസ്ഥാന ക്രൈംറെക്കോർഡ് ബ്യൂറോ വാഹനാപകടങ്ങൾ സംബന്ധിച്ച് പുറത്തുവിട്ട കണക്കനുസരിച്ച് 2022 സെപ്റ്റംബറിനെ അപേക്ഷിച്ച് 2023 സെപ്റ്റംബറിൽ 524 അപകടങ്ങൾ അധികമുണ്ടായി. എ.ഐ. കാമറ സ്ഥാപിച്ചതോടെ വാഹനാപകടങ്ങൾ കുറഞ്ഞെന്ന സർക്കാരിന്റെ അവകാശം തെറ്റായിരുന്നുവെന്ന് ഓഗസ്റ്റുമാസവും തെളിഞ്ഞിരുന്നെങ്കിലും പിഴയിനത്തിൽ ജനങ്ങളെ പിഴിയുന്ന തുകയിൽ വൻവർധനയുണ്ടാകുന്നുണ്ട്.

▸8

# പഞ്ചയുദ്ധത്തിലെ സാധ്യതകൾ



പ്രഫ. റോണി കെ. ബേബി





മധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഢ്, തെലുങ്കാന, മിസോറം നിയമസഭകളിലേക്കുള്ള തിരഞ്ഞെടുപ്പുപ്രചാരണം കൊടുമ്പിരിക്കൊള്ളുകയാണ്. ലോക്സഭാതിരഞ്ഞെടുപ്പിനു മാസങ്ങൾമാത്രം ശേഷിക്കെ, സെമിഫൈനലായി വിലയിരുത്തപ്പെടുന്ന അഞ്ചു സംസ്ഥാനനിയമസഭാതിരഞ്ഞെടുപ്പുകൾ ബിജെപിക്കും പ്രതിപക്ഷ മുന്നണിയായ 'ഇന്ത്യ'യ്ക്കും ഒരുപോലെ നിർണായകമാണ്. വനിതാസംവരണബിൽ പാസാക്കിയതും നരേന്ദ്ര മോദിയെന്ന ഇമേജും ഉയർത്തിക്കാട്ടിയാണ് ലോക്സഭാഫലത്തിലേക്കുള്ള സൂചനകൾ നൽകുന്ന തിരഞ്ഞെടുപ്പിനു ബിജെപി നീങ്ങുന്നത്. എന്നാൽ, ജാതിസെൻസസ് തുറുപ്പുചീട്ട് പുറത്തെടുത്ത 'ഇന്ത്യ' മുന്നണി ബിജെപിക്കെതിരായി അതിശക്തമായ പോരാട്ടമാണു നടത്തുന്നത്. ജാതിസെൻസസ്, കാർഷികകടങ്ങൾ എഴുതിത്തള്ളൽ, 200 യൂണിറ്റുവരെ സൗജന്യവൈദ്യുതി തുടങ്ങിയവ കോൺഗ്രസ് പ്രകടനപത്രികയിലെ വാഗ്ദാനങ്ങളിൽ മുന്നിട്ടുനിൽക്കുമ്പോൾ 'മോദി കി ഗ്യാരന്റി 2023' എന്ന പേരിലാണ് ബിജെപിയുടെ പ്രകടനപത്രിക.

സംസ്ഥാനവിഷയങ്ങൾക്കൊപ്പം കേന്ദ്രഭരണനയങ്ങളുടെയും വിലയിരുത്തലിനു വേദിയാകുന്ന നിയമസഭാതിരഞ്ഞെടുപ്പുകൾ, മോദിസർക്കാരിന്റെ ഹിതപരിശോധനയ്ക്കുകൂടി വഴിയൊരുക്കും. ബി.ജെ.പി.ക്കെതിരായ 'ഇന്ത്യ'സഖ്യത്തിന്റെ ആദ്യ പ്രധാന പരീക്ഷണംകൂടിയാവും അഞ്ചു സംസ്ഥാനങ്ങളിലെ നിയമസഭാതിരഞ്ഞെടുപ്പുകൾ. സഖ്യം രൂപംകൊണ്ടശേഷം ആറു സംസ്ഥാനങ്ങളിലെ ഏഴു സീറ്റിലേക്കായി നടന്ന ഉപതിരഞ്ഞെടുപ്പിൽ നാലും 'ഇന്ത്യ' മുന്നണി നേടിയിരുന്നു. 'ഇന്ത്യ' മുന്നണിയുടെ അനിഷേധ്യമായ നേതൃസ്ഥാനത്തിന് കോൺഗ്രസിന് ഈ തിരഞ്ഞെടുപ്പുകളിൽ ആധികാരികമായ വിജയം അനിവാര്യമാണ്.

**പഞ്ചയുദ്ധത്തിലെ സാധ്യതകൾ**

മിസോറാമിൽ നവംബർ ഏഴിന് ഒറ്റഘട്ടമായാണ് വോട്ടെടുപ്പ്. ഛത്തീസ്ഗഢിൽ രണ്ടു ഘട്ടമായിട്ടാണു നടക്കുക. ആദ്യഘട്ടം നവംബർ ഏഴിനും രണ്ടാംഘട്ടം നവംബർ 17നും നടക്കും. ഛത്തീസ്ഗഢിലെ രണ്ടാംഘട്ടത്തിനൊപ്പമാകും മധ്യപ്രദേശിലെ വോട്ടെടുപ്പ്. രാജസ്ഥാനിൽ ഒറ്റഘട്ടമായി നവംബർ 23 നു നടക്കും. ഏറ്റവുമൊടുവിൽ വോട്ടെടുപ്പു നടക്കുന്നത് തെലുങ്കാനയിലാണ്. നവംബർ 30 നാണ് വോട്ടെടുപ്പ്.



കോൺഗ്രസ് ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന സംസ്ഥാനമാണ് രാജസ്ഥാൻ. 200 അംഗനിയമസഭയിൽ 108 സീറ്റുമായി കോൺഗ്രസാണ് നിലവിലെ ഭരണകക്ഷി. ഇത്തവണ കോൺഗ്രസിനും ബിജെപിക്കും തുല്യസാധ്യതയാണ് അഭിപ്രായസർവേകൾ കല്പിക്കപ്പെടുന്നത്. രാജസ്ഥാനിൽ നേതൃബാഹുല്യമാണ് ബിജെപി നേരിടുന്ന തലവേദന. വസുന്ധര രാജയും മറ്റു നേതാക്കളും മുഖ്യമന്ത്രിക്കസേര ലക്ഷ്യമാക്കി ഉയർത്തുന്ന ഗ്രൂപ്പുപോരാണ് ബിജെപിയുടെ മുമ്പിലെ വെല്ലുവിളി. അതിനാൽ, മുഖ്യമന്ത്രിസ്ഥാനാർഥിയെ പ്രഖ്യാപിക്കാതെയാണ് ബിജെപി മത്സരത്തിനിറങ്ങുന്നത്. ഭരണവിരുദ്ധവികാരം ഗെഹ്ലോട്ടുസർക്കാരിനെ വീഴ്ത്തുമെന്ന കണക്കുകൂട്ടലിലാണ് ബിജെപി. എന്നാൽ, ഭരണം നിലനിർത്താൻ ക്ഷേമപദ്ധതികൾ വാരിക്കോരി നൽകിയാണ് കോൺഗ്രസ് തിരഞ്ഞെടുപ്പിനിറങ്ങുന്നത്. അശോക് ഗെഹ്ലോട്ടും സച്ചിൻ പൈലറ്റുമായുള്ള അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കാൻ കഴിഞ്ഞതിലെ ആത്മവിശ്വാസത്തിലാണ് കോൺഗ്രസ്.

കോൺഗ്രസ് അഭിമാനപ്പോരാട്ടമായി കാണുന്ന മധ്യപ്രദേശിൽ അഭിപ്രായസർവേകളിൽ കോൺഗ്രസിനാണു മുൻതൂക്കം. 2018 ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസാണ് അധികാരത്തിലെത്തിയിരുന്നത്. എന്നാൽ, 22 എംഎൽഎമാർ ജ്യോതിരാദിത്യസിന്ധ്യയോടൊപ്പം കൂറുമാറി ബിജെപിയിൽ ചേർന്നതോടെ കോൺഗ്രസിനു ഭരണം നഷ്ടമായി. ശിവരാജ്സിങ് ചൗഹാൻ സർക്കാരിനെതിരായി കടുത്ത ഭരണവിരുദ്ധവികാരമാണ് ബിജെപി മധ്യപ്രദേശിൽ നേരിടുന്നത്. ബിജെപി സർക്കാരിന്റെ വീഴ്ചയായി തൊഴിലില്ലായ്മയും വിലക്കയറ്റവുമൊക്കെ കോൺഗ്രസ് പറയുമ്പോൾ വർഗീയ ധ്രുവീകരണത്തിനുള്ള ശ്രമങ്ങളാണ് ബിജെപി നടത്തുന്നത്. പാർട്ടി ഒറ്റക്കെട്ടായി കമൽനാഥിനു പിന്നിൽ അണിനിരക്കുന്നത് വലിയ ആത്മവിശ്വാസമാണു കോൺഗ്രസിനു നൽകുന്നത്.

ഛത്തീസ്ഗഢിൽ ഭൂപേഷ് ബാഗേലിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് സർക്കാരിനു ഭരണത്തുടർച്ചയുണ്ടാകുമെന്നാണു പ്രവചനങ്ങൾ. ഛത്തീസ്ഗഢിൽ പാർട്ടിയുടെ മുഖങ്ങളായി നിൽക്കാൻ നേതാക്കളില്ലെന്നതാണ് ബി.ജെ.പി.യുടെ ക്ഷീണം. നടപ്പാക്കിയ കർഷകക്ഷേമപദ്ധതികളുടെ ബലത്തിൽ അധികാരത്തിൽ തുടരാമെന്നാണ് മുഖ്യമന്ത്രി ഭൂപേഷ് ബാഗേലിന്റെയും കോൺഗ്രസിന്റെയും പ്രതീക്ഷ. തിരഞ്ഞെടുപ്പിനിടയിൽ ഇഡി നടത്തുന്ന ഇടപെടലുകളാണ് ബിജെപിക്കു പ്രതീക്ഷ നൽകുന്നത്. ജനകീയനായ ഭൂപേഷ് ബാഗേലിനെതിരായി ഇഡി അവസാനനിമിഷം നടത്തുന്ന അന്വേഷണങ്ങൾ തിരിച്ചടിക്കുമോ എന്ന ഭയവും ബിജെപിക്കുണ്ട്.

രാജ്യം ഏറെ ഉറ്റുനോക്കുന്ന തിരഞ്ഞെടുപ്പാണ് കെ. ചന്ദ്രശേഖരറാവുവിന്റെ നേതൃത്വത്തിലുള്ള ബിആർഎസ് നയിക്കുന്ന തെലുങ്കാനയിലേത്. കുടുംബഭരണം, അഴിമതി തുടങ്ങിയ ആരോപണങ്ങൾ ബിആർഎസിനെതിരേ ഉയരുന്നു. ചന്ദ്രശേഖർ റാവു സർക്കാരിനെതിരായി കടുത്ത ഭരണവിരുദ്ധവികാരമാണു നിലനിൽക്കുന്നത്. തെലുങ്കാനയിൽ കോൺഗ്രസ് മുന്നേറ്റമാണ് എല്ലാ സർവേകളും പ്രവചിക്കുന്നത്. കർണാടകതിരഞ്ഞെടുപ്പുവിജയം നൽകിയ ആത്മവിശ്വാസത്തിൽ അതിശക്തമായ പോരാട്ടമാണു തെലുങ്കാനയിൽ കോൺഗ്രസ് നടത്തുന്നത്. വലിയ മുന്നേറ്റം നടത്തുമെന്ന് അവകാശവാദം മുഴക്കിയിരുന്ന് ബിജെപി ഇപ്പോൾ പിൻവലിഞ്ഞമട്ടാണ്.

എൻഡിഎ സഖ്യകക്ഷിയായ മിസോ നാഷണൽ ഫ്രണ്ടാണ് മിസോറാമിൽ നിലവിൽ അധികാരത്തിലുള്ളത്. ഏതു വിധേയനെയും ഭരണം നിലനിർത്താൻ എംഎൻഎഫും ഭരണം തിരിച്ചുപിടിക്കാൻ കോൺഗ്രസും ശ്രമിക്കുന്നുണ്ട്. അതേസമയം, പ്രാദേശികപാർട്ടികളെ ഉൾപ്പെടുത്തി സോറം പീപ്പിൾസ് മൂവ്മെന്റ് മുന്നണിയും രംഗത്തുണ്ട്. മണിപ്പൂരിൽ മാസങ്ങളായി നടക്കുന്ന സംഘർഷം മിസോറാമിൽ തിരഞ്ഞെടുപ്പുവിഷയമാകുമെന്നതിൽ സംശയമില്ല. എൻഡിഎയുടെ ഭാഗമായിട്ടും ഭരണകക്ഷിയായ മിസോ നാഷണൽ ഫ്രണ്ട് (എംഎൻഎഫ്) അവിശ്വാസപ്രമേയത്തിനിടെ ബിജെപിക്കെതിരേ വോട്ടു ചെയ്ത മിസോറാമിൽ കടുത്ത ബിജെപിവിരോധമാണു നിലനിൽക്കുന്നത്. നരേന്ദ്രമോദി പ്രചാരണത്തിനെത്താത്ത ഏകസംസ്ഥാനമാണ് മിസോറാം.

**ഫലങ്ങൾ ദേശീയരാഷ്ട്രീയത്തിനു നിർണായകം**

പാർലമെന്റുതിരഞ്ഞെടുപ്പിന് ഏതാനും മാസങ്ങൾമാത്രം ബാക്കിയുള്ളതിനാൽ അഞ്ചു സംസ്ഥാനതിരഞ്ഞെടുപ്പുകളിലെ ഫലങ്ങൾ ദേശീയരാഷ്ട്രീയത്തിൽ നിർണായകമാണ്. നിയമസഭാ തിരഞ്ഞെടുപ്പുകളിലും പാർലമെന്റു തിരഞ്ഞെടുപ്പുകളിലും സമ്മതിദായകർ വ്യത്യസ്തമായി വോട്ടു ചെയ്യുമെന്നതു സത്യമാണെങ്കിലും അത് ദേശീയരാഷ്ട്രീയത്തെ സംബന്ധിച്ച് ചില നിർണായകസൂചനകൾ നൽകും. 2014 മുതൽ മോദി നേരിട്ടു പ്രചാരണം നയിക്കുന്ന പരീക്ഷണം കർണാടകയിലും ഹിമാചൽപ്രദേശിലും പരാജയപ്പെട്ടെങ്കിലും രാജസ്ഥാൻ, മധ്യപ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ അതേ പരീക്ഷണം ആവർത്തിക്കുകയാണ് ബിജെപി. അതേസമയം, ഭാരത് ജോഡോ യാത്രയെത്തുടർന്ന് നവ ഊർജം കൈവരിച്ച കോൺഗ്രസ് രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി നേതൃത്വങ്ങളിലാണു പ്രതീക്ഷ പുലർത്തുന്നത്. കമൽനാഥ്, അശോക് ഗെഹ്ലോട്ട്, ഭൂപേഷ് ബാഗേൽ, രേവന്ത് റെഡ്ഢി തുടങ്ങിയ ജനകീയരായ സംസ്ഥാനനേതാക്കൾ കോൺഗ്രസിനു കരുത്തുകൂട്ടുന്നു. ഭാരത് ജോഡോ യാത്രയുടെ പശ്ചാത്തലത്തിലുള്ള രാഹുലിന്റെ പ്രതിച്ഛായയും നേതൃത്വവും കർണാടകയിൽ നൽകിയ വിജയം രാജസ്ഥാനിലും മധ്യപ്രദേശിലും ഛത്തീസ്ഗഡിലും തെലുങ്കാനയിലും മിസോറാമിലും ആവർത്തിക്കുമെന്നാണു കോൺഗ്രസ് കരുതുന്നത്.

■

# പ്ലാസ്റ്റിക് എന്ന നിശ്ശബ്ദകൊലയാളി



ദിനു ദിലീപ്

**നാം** ഭക്ഷണപദാർഥങ്ങളും പാനീയങ്ങളും ചൂടോടെ പ്ലാസ്റ്റിക് പാത്രങ്ങളിൽ മൈക്രോവേവ് ചെയ്യുകയും ചൂടായവ അവയിൽ പകർന്ന് ഉപയോഗിക്കുകയും ചെയ്യുന്നു. ഇതിലെ അപകടം ആരും മനസ്സിലാക്കുന്നില്ല. പ്ലാസ്റ്റിക് പാത്രങ്ങൾ വലിയ അളവിൽ മൈക്രോ-നാനോ പ്ലാസ്റ്റിക് എന്നു വിളിക്കപ്പെടുന്ന ചെറിയ കണങ്ങൾ ചൂടുവെള്ളത്തിലേക്കു പെട്ടെന്നു ലയിപ്പിക്കുന്നുണ്ട്. ബേബി ഫീഡിങ് ബോട്ടിലുകളും ഡിഷുകളും അണുനശീകരണം നടത്താൻ തിളച്ച വെള്ളത്തിൽ മുക്കിയിടുകയും ചൂടുവെള്ളത്തിൽ കഴുകിയെടുത്തു പാൽ ചൂടോടെ പകരുകയും ചെയ്യുമ്പോഴും സംഭവിക്കുന്നതു മറ്റൊന്നല്ല. കുഞ്ഞുങ്ങൾ ഓരോ ദിവസവും ഒരു ദശലക്ഷത്തിലധികം മൈക്രോപ്ലാസ്റ്റിക് കണികകൾ വിഴുങ്ങിയേക്കാമെന്നാണു ഗവേഷകർ കണക്കാക്കുന്നത്.

മിനറൽ വാട്ടർ ബോട്ടിലുകളുടെ പുനരുപയോഗം നിരോധിച്ച് യൂസ് ആൻഡ് ത്രോ എന്ന രീതി നിർദേശിക്കുന്നതും റീസൈക്കിൾ ക്വാളിറ്റിയുള്ള പ്ലാസ്റ്റിക് പുനരുപയോഗിക്കുന്നതും ഫലപ്രദമല്ലെന്നതാണു സത്യം. കുപ്പി, ഇരുമ്പ്, ചെമ്പ്, സ്റ്റീൽ എന്നിവയിൽനിന്നൊക്കെ നാനോ കണങ്ങൾ ഭക്ഷണത്തിൽ മൈക്രോതലത്തിലുള്ള ഉരസലിലൂടെ ലയിക്കപ്പെടുന്നു. അതായത്, നമ്മൾ ഭക്ഷണം എടുക്കുന്ന പാത്രങ്ങളുടെ രാസസംയുക്തങ്ങൾ നാമറിയാതെ നമ്മുടെ ഉള്ളിലെത്തുന്നുണ്ടെന്നു സാരം. സ്മോക്ക്ഡ് ഫ്ളേവർ, മല്ലി, പുതിന, വേപ്പില പൊതിച്ചോറു കെട്ടുന്ന വാഴയില തുടങ്ങിയവയുടെ മണം ഭക്ഷണത്തിന് ഉണ്ടാകുന്നത് അവയ്ക്കു തനതുമണം ഉള്ളതുകൊണ്ടാണ്. അതേപോലെ പ്ലാസ്റ്റിക്കിനും മണമുണ്ട്. മണം ഉണ്ടാക്കുന്നത് ലയിക്കുന്ന വിഘടിച്ച തന്മാത്രാകണങ്ങളാണ്.

ജൈവശൃംഖലയ്ക്ക് ഇവയുടെ ആഗിരണം അപകടകരമാണോ ഇല്ലയോ എന്നത് ഇപ്പോഴും പഠനവിഷയമാണ്. കാർ ടയറുകൾ, സിന്തറ്റിക് വസ്ത്രങ്ങൾ, മറ്റു പ്ലാസ്റ്റിക്മാലിന്യങ്ങൾ തുടങ്ങിയവയിൽനിന്ന് പ്ലാസ്റ്റിക് കണങ്ങളും മണലും പൊടിയും ലോഹങ്ങളും പെയിന്റും റബറും അടക്കം എണ്ണിയാലൊടുങ്ങാത്ത രാസസംയുക്തങ്ങളുടെ മൈക്രോ-നാനോ കണങ്ങൾ പല വിധത്തിൽ ഉണ്ടാകുകയും അവ കഴിക്കുകയും ശ്വസിക്കുകയും ചെയ്യുന്നതിലൂടെ നാമുൾപ്പെടെയുള്ള ജീവജാലങ്ങളുടെ ശരീരത്തിൽ എത്തപ്പെടുകയും ചെയ്യുന്നു. അവയിൽ കൂടുതലും പ്ലാസ്റ്റിക് മാലിന്യങ്ങളായിരിക്കും. കരയിൽനിന്നുമാത്രമല്ല പ്ലാസ്റ്റിക് മാലിന്യങ്ങൾ നമ്മിലെത്തുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വലിയ ഒരു സംഭരണിയാണ് കടൽ. മത്സ്യങ്ങളിലും മറ്റും എത്തപ്പെടുന്ന നാനോ പ്ലാസ്റ്റിക്, അവ ആഹരിക്കുന്നതിലൂടെ നമ്മളിലും എത്തുന്നു. ഒരാൾ ഒരു ക്രെഡിറ്റ് കാർഡിന്റെ അളവിൽ മൈക്രോ - നാനോ പ്ലാസ്റ്റിക് ഒരായുസ്സിൽ ആഹരിക്കുന്നുണ്ട് എന്നാണു പഠനങ്ങളിൽ തെളിയുന്നത്. എന്താണ് ഇവയുടെ പരിണതഫലം?

ഭൂമിയിലെ സകലചരാചരങ്ങളിലും ശാസ്ത്രജ്ഞർ മൈക്രോപ്ലാസ്റ്റിക്കിന്റെ സാന്നിധ്യം കണ്ടെത്തി. സമുദ്രത്തിന്റെ ആഴങ്ങളിൽ, നദികളിൽ, ആർട്ടിക് - അന്റാർട്ടിക് മഞ്ഞുമലകളിൽ, ഷെൽഫിഷ്, ടേബിൾ ഉപ്പ്, കുടിവെള്ളം, മദ്യം എന്നുവേണ്ട നാം ഉപയോഗിക്കുന്നതും അല്ലാത്തതുമായ സകലതിലും നാനോ പ്ലാസ്റ്റിക് അടങ്ങിയിരിക്കുന്നുവെന്നത് ഭീതിജനകമാണ്. ഈ ചെറിയ കണങ്ങൾ പൂർണമായും നശിക്കാൻ നൂറ്റാണ്ടുകളോ അതിലധികമോ സമയമെടുത്തേക്കാം.


മൈക്രോപ്ലാസ്റ്റിക് പല ആകൃതിയിലും വലുപ്പത്തിലും രാസഘടനയിലും വ്യാപിച്ചുകിടക്കുന്നതിനാൽ അവ ശരീരത്തിൽ എത്തുന്ന വഴികളും സഞ്ചരിക്കുന്ന രീതിയും ശരീരാവയവങ്ങളിൽ പ്രവർത്തിക്കുന്ന വിധവും മനുഷ്യബുദ്ധിക്കു നിലവിൽ അജ്ഞാതമാണ്.

ശരീരകലകളിലും കോശങ്ങളിലും തുളച്ചുകയറാനും തൂങ്ങിക്കിടക്കാനും കഴിയുന്നത്ര ചെറുതായ കണികകൾ ഏറ്റവും ആശങ്കാജനകമാണ്. കോശങ്ങളിൽ പ്രവേശിക്കുന്നതിന്, കണികകൾ അസാധാരണമായി ചെറുതായിരിക്കണം. 1–10 um വലുപ്പമുള്ള കണങ്ങൾ കുടലിലൂടെ ശരീരത്തിലേക്ക് ആഗിരണം ചെയ്യപ്പെടും. ശക്തിയേറിയ സൂക്ഷ്മദർശിനികൾകൊണ്ടുപോലും കണ്ടെത്താൻ കഴിയാത്തത്ര ചെറുതായതിനാൽ അവയെക്കുറിച്ചുള്ള പഠനവും ഒരുപക്ഷേ, അത്ര എളുപ്പമായിരിക്കില്ല. പരീക്ഷണശാലയിൽ വലിയ അളവിൽ മൈക്രോപ്ലാസ്റ്റിക്സ് നൽകിയ എലികളുടെ ചെറുകുടലിൽ വീക്കമുണ്ടാകുന്നതായും ബീജങ്ങളുടെ എണ്ണം കുറയുന്നതായും കണ്ടെത്തി. മനുഷ്യനും എലിയുമായി ജനിതകസാമ്യം കൂടുതലാണെന്നത് ആശങ്കാജനകമാണ്.

ഏകദേശം ഇരുപതു വർഷമായി മൈക്രോപ്ലാസ്റ്റിക്സിന്റെ അപകടസാധ്യതകളെക്കുറിച്ചു ഗവേഷണങ്ങൾ നടക്കുന്നുണ്ട്. ഭക്ഷണപദാർഥങ്ങളിലൂടെ നമ്മുടെ ഉള്ളിലെത്തുന്ന മൈക്രോപ്ലാസ്റ്റിക്കിന്റെ അവശിഷ്ടങ്ങൾ വിസർജനത്തിലൂടെ പുറത്തേക്കു പോകുമെന്നുതന്നെയായിരുന്നു ഗവേഷകരുടെ ചിന്തയെങ്കിലും അവരെ ഞെട്ടിച്ചുകൊണ്ട് പുതിയ തെളിവുകൾ കണ്ടെത്തിയിരിക്കുന്നു. എലികളുടെ ശരീരത്തിൽ കണ്ടെത്തിയതുപോലെ അടുത്തിടെ മനുഷ്യന്റെ രക്തത്തിലും വേർതിരിച്ചെടുക്കാനാവാത്തവിധത്തിൽ പ്ലാസ്റ്റിക്കണങ്ങൾ കണ്ടെത്തി; അതും പരീക്ഷിച്ച 80 ശതമാനം ആളുകളിലും. രക്തചംക്രമണവ്യവസ്ഥയിൽ, പ്രത്യേകിച്ച് മസ്തിഷ്കവ്യവസ്ഥയിൽ പല ആഘാതങ്ങൾക്കും ഇവയുടെ രക്തത്തിലെ അളവും നീക്കവും കാരണമായേക്കാമെന്നു ഗവേഷകർ കരുതുന്നു. രക്തത്തിലൂടെ കരൾ, മസ്തിഷ്കം, ഹൃദയം തുടങ്ങി പല ആന്തരാവയവങ്ങളിലും അവ ജീവിതകാലം മുഴുവനും നീക്കപ്പെടാതെ നിക്ഷേപിക്കപ്പെടുന്നു. പൊതുവെ, ശരീരത്തിന് ആവശ്യകമായ മൂലകങ്ങൾപോലും വേണ്ട അളവിൽ കൂടുതലാണെങ്കിൽ പുറംതള്ളുകയാണു ശരീരധർമം. അല്ലെങ്കിൽ അവ കോശനാശവും അതുവഴി രോഗാവസ്ഥകളും സൃഷ്ടിക്കും. നിർഭാഗ്യവശാൽ ശരീരത്തിന് അരിച്ചുകളയാൻ സാധ്യമല്ലാത്തവിധം വിനാശകാരികളായി പ്ലാസ്റ്റിക്കണങ്ങൾ ശരീരത്തിൽ നിക്ഷേപിക്കപ്പെടുന്നു.

ഓരോ വർഷവും ഏകദേശം നാനൂറു ദശലക്ഷം ടൺ പ്ലാസ്റ്റിക് ഉത്പാദിപ്പിക്കപ്പെടുന്നു. 2050 ആകുമ്പോഴേക്കും ഇത് ഇരട്ടിയിലധികമാകും. എല്ലാത്തരം പ്ലാസ്റ്റിക്കുകളുടെ ഉത്പാദനവും ഉടനടി നിർത്തിയാൽപ്പോലും നിലവിലുള്ള പ്ലാസ്റ്റിക്തന്നെ ഏകദേശം അഞ്ചു ബില്യൺ ടൺ കാണുമെന്നു കരുതപ്പെടുന്നു. ശേഖരിക്കാനോ വൃത്തിയാക്കാനോ കഴിയാത്ത ചെറിയ ശകലങ്ങളായി അവ ജീവജാലങ്ങൾക്കു ഭീഷണിയായി നിലനിൽക്കും.

ജൈവശൃംഖലയുടെ ഉപാപചയപ്രവർത്തനങ്ങളിൽ ഒരു പങ്കാളിത്തവുമില്ലാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉണ്ടാക്കാൻപോകുന്ന ആരോഗ്യ - പരിസ്ഥിതി പ്രശ്നങ്ങൾ നമ്മുടെ ചിന്തയ്ക്കപ്പുറമാണ്. വരുംകാലങ്ങളിൽ പ്ലാസ്റ്റിക് മനുഷ്യകുലത്തിനുമാത്രമല്ല, ജൈവകുലത്തിന് ഒന്നാകെത്തന്നെ ഒരു ടൈംബോംബായി മാറും, സംശയിക്കേണ്ട. ■




# തീവ്രവാദത്തിന്റെ കേരള സ്റ്റോറി



സിജോ പൈനാടത്ത്

**രാ**ജ്യത്തിനകത്തും പുറത്തും തീവ്രവാദ, ദേശവിരുദ്ധ സംഭവങ്ങൾ ഞെട്ടലോടെ കേട്ടപ്പോഴും, കേരളത്തിൽ അത്തരത്തിലൊന്നില്ലെന്ന മലയാളിയുടെ ആശ്വാസത്തിന് ആദ്യമുറിവേറ്റത് 2005 ലാണ്. സംസ്ഥാനത്തു നടന്ന ഏതെങ്കിലും ഒരു സംഘർഷത്തിൽ തീവ്രവാദപ്രവർത്തനമുണ്ടെന്ന് അന്വേഷണ ഏജൻസികൾ ആദ്യമായി വ്യക്തതയോടെ വിശദീകരിച്ച പ്രമാദമായ കളമശേരി ബസ് കത്തിക്കൽ കേസായിരുന്നു അത്.

ഇക്കഴിഞ്ഞ ഒക്ടോബർ 29 ന് യഹോവാസാക്ഷികളുടെ പ്രാർഥനച്ചടങ്ങിനിടെ സ്ഫോടനമുണ്ടായ സ്ഥലത്തിനടുത്തുതന്നെയാണ് 2005 ലെ സംഭവവും അരങ്ങേറിയതെന്നതിൽ യാദൃച്ഛികതയ്ക്കപ്പുറം എന്തെങ്കിലുമുണ്ടോ എന്ന സംശയം പൊതുസമൂഹത്തെക്കാൾ പോലീസിനുണ്ട്.

കളമശേരി സാമ്രാ കൺവൻഷൻ സെന്ററിലുണ്ടായ സ്ഫോടനത്തിനു തൊട്ടുപിന്നാലെ, ഡൊമിനിക് മാർട്ടിൻ എന്നയാൾ സമൂഹമാധ്യമത്തിലൂടെ സംഭവത്തിലെ പ്രതിയെന്നു സ്വയം വെളിപ്പെടുത്തിയശേഷം നാടകീയമായി പോലീസിൽ കീഴടങ്ങി.

ഇതോടെ, സംഭവത്തെക്കുറിച്ചുള്ള ദുരൂഹത നീങ്ങിയെന്നു പോലീസും സമൂഹവും തെല്ല് ആശ്വസിച്ചിരുന്നു. എന്നാൽ, ഒരാൾ ഒറ്റയ്ക്കു ബൈക്കിലെത്തി വലിയൊരു ആൾക്കൂട്ടത്തിൽ ബോംബുവച്ചു പൊട്ടിച്ചു ബൈക്കിൽത്തന്നെ മടങ്ങിപ്പോയെന്ന വെളിപ്പെടുത്തൽ അതേപടി വിഴുങ്ങാൻ കേട്ടവർക്കെല്ലാം ആയിട്ടില്ല; പോലീസിനും.

സ്വാഭാവികമായി ഉയരുന്ന ചില ചോദ്യങ്ങൾക്കും സംശയങ്ങൾക്കും, തൃപ്തികരമായ ഉത്തരത്തിലേക്കെത്താൻ, പ്രതിയെ മണിക്കൂറുകളോളം ചോദ്യം ചെയ്തതിലൂടെയും അനുബന്ധ അന്വേഷണങ്ങളിലൂടെയും പോലീസിന് ആയിട്ടുമില്ല. അതുകൊണ്ടുതന്നെയാണ്, പ്രതിയെ കസ്റ്റഡിയിൽ വാങ്ങാൻ എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ നൽകിയ അപേക്ഷയിൽ, പ്രതിയുടെ രാജ്യാന്തര ബന്ധങ്ങളുൾപ്പെടെ അന്വേഷിക്കേണ്ടതുണ്ടെന്നു പൊലീസ് ആവശ്യപ്പെട്ടത്. പത്തു ദിവസത്തേക്കു കസ്റ്റഡിയിൽ ലഭിച്ച പ്രതിയുമായി പൊലീസ് തെളിവെടുപ്പും അന്വേഷണവും തുടരുകയാണ്.

കളമശേരിയിലെ ഒടുവിലെ സംഭവത്തിനു ദേശവിരുദ്ധശക്തികളുമായി എന്തെങ്കിലും ബന്ധം ഇതുവരെ തെളിഞ്ഞിട്ടില്ല. അതേസമയം, കേരളത്തിൽ തീവ്രവാദ പ്രവർത്തനമുണ്ടെന്ന പോലീസിന്റെയും അന്വേഷണ ഏജൻസികളുടെയും നേരത്തേയുള്ള ഔദ്യോഗികസ്ഥിരീകരണത്തിന്റെ വേരുകൾ കളമശേരിയിലേക്കും പടർന്നുകിടപ്പുണ്ട്.

കളമശേരിയിൽ പരീക്ഷിച്ചു തുടങ്ങിയ തീവ്രവാദത്തിന്റെ കേരള സ്റ്റോറി അധ്യായങ്ങൾ വെറുതെയങ്ങു മറന്നുപോകേണ്ടതുമല്ലല്ലോ...!

**ടിഎൻ 01 എൻ 6725**

2005 സെപ്റ്റംബർ ഒമ്പതിനു രാത്രിയിൽ തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ടിഎൻ 01 എൻ 6725 എന്ന നമ്പറിലുള്ള ബസാണു കളമശേരിയിൽ കത്തിച്ചത്. മുഖ്യപ്രതി തടിയന്റവിട നസീറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് യാത്രക്കാരെ മുൾമുനയിൽ നിർത്തി ക്രൂരത നടത്തിയത്. എറണാകുളം കെഎസ്ആർടിസി ബസ്സ്റ്റാൻഡിൽനിന്ന് രാത്രി 8.30 ന് സേലത്തേക്കു പുറപ്പെട്ട ബസിൽ യാത്രക്കാരനെന്ന മട്ടിൽ കയറിയ നസീർ, ഡ്രൈവറെ തോക്കുചൂണ്ടി ബന്ദിയാക്കി, തങ്ങൾ പറയുന്നിടത്തേക്കു ബസ് ഓടിക്കാൻ ഡ്രൈവറോട് ആവശ്യപ്പെട്ടു. കളമശേരിയിൽ എച്ച്എംടിയുടെ ആളൊഴിഞ്ഞ പറമ്പിലെത്തിച്ച ബസിൽനിന്നു യാത്രക്കാരെ പുറത്തിറക്കിയശേഷമാണു പെട്രോൾ ഒഴിച്ച് ബസ് കത്തിച്ചത്.

ലോക്കൽ പോലീസ് തുടങ്ങിവച്ച അന്വേഷണം എൻഐഎയാണു വഴിത്തിരിവിലെത്തിച്ചത്.

**ഗൗരവമുള്ള വകുപ്പുകൾ**

രാജ്യദ്രോഹക്കുറ്റം, നിയമവിരുദ്ധപ്രവർത്തനനിരോധന നിയമം, ഗൂഢാലോചന, ആയുധനിരോധനനിയമം തുടങ്ങി ഗൗരവമാർന്ന വകുപ്പുകളാണ് കേസിൽ പ്രതികൾക്കെതിരേ ചുമത്തിയത്.

ശേഷം 14-ാം പേജിൽ



*2005 സെപ്റ്റംബർ ഒമ്പതിനു രാത്രിയിൽ കളമശേരിയിൽ കത്തിച്ച തമിഴ്നാട് ട്രാൻസ്പോർട്ട് കോർപറേഷന്റെ ബസ്.*

# മനുഷ്യത്വം മരവിച്ചുപോയപ്പോൾ



ഫാ. ജോസഫ് നെച്ചിക്കാട്ട്



**പൗ**രാണികലോകത്തിലെ ഏറ്റവും വലിയ അടിമവ്യവസായകേന്ദ്രമായിരുന്നു ഉജീജി - താൻസാനിയായിൽ (ഈസ്റ്റ് ആഫ്രിക്ക) കിഗോമയ്ക്കടുത്തുള്ള ഒരു കൊച്ചുപട്ടണം. അവിടെ ഒരു മാവിൻചുവട്ടിൽ രണ്ടു യുവതികളെ കെട്ടിയിട്ടിരിക്കുകയാണ് (1867). പകൽ മുഴുവൻ അവരെക്കൊണ്ടു പണിയെടുപ്പിക്കുകയും രാത്രിയിൽ പീഡിപ്പിക്കുകയുമായിരുന്നു ഉടമകളുടെ സ്ഥിരം പരിപാടി. എന്തോ പന്തികേടു പറ്റിയതുകൊണ്ടാണ് രണ്ടിനെയും മറിച്ചുവില്ക്കാൻ കൊണ്ടുവന്നിരിക്കുന്നത്. കീറിപ്പറിഞ്ഞ ഇത്തിരിവസ്ത്രംമാത്രം ധരിച്ച ആ സാധുക്കളുടെ ചന്തിക്ക് സൂചിമുനയുള്ള ചാട്ടകൊണ്ട് ഉടമ തെരുതെരെ കുത്തി. വേദനകൊണ്ടു പുളഞ്ഞ യുവതികളോട് ഉടമ കല്പിച്ചു: "നിവർന്ന് ഇത്തിരികൂടി ഞെളിഞ്ഞുനില്ക്കൂ."

രണ്ടു കച്ചവടക്കാർ അടുത്തുവന്ന് ആകെ മൊത്തം അവരെ പിടിച്ചുനോക്കി വില ചോദിച്ചു: "രണ്ടിനുംകൂടി നൂറു ഷില്ലിങ്." വില കേട്ടപാടേ വ്യാപാരികൾ നടന്നകന്നു. രംഗം മുഴുവൻ കണ്ടു നിന്ന ഒരു സ്കോട്ട്ലൻഡുകാരൻ നൂറു ഷില്ലിങ്ങും കൊടുത്ത് അവരെ വാങ്ങി; ആളൊഴിഞ്ഞ ഒരു മൂലയിൽവച്ച് വിലങ്ങഴിച്ചുവിട്ടു. അദ്ദേഹമാണ് ആഫ്രിക്ക കണ്ടിട്ടുള്ളതിലേക്കും വലിയ മിഷനറി - ഡേവിഡ് ലിവിങ്സ്റ്റൺ.

1841 മാർച്ചിലാണ് ലിവിങ്സ്റ്റൺ ആഫ്രിക്കയിലെത്തുന്നത്. അടിമത്തം അവസാനിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ അടങ്ങാത്ത ആഗ്രഹം. അടിമവ്യാപാരികളായ അറബികളുമായി അദ്ദേഹം പലവട്ടം ഏറ്റുമുട്ടിയിട്ടുണ്ട്. അവരിൽനിന്നൊക്കെ അവഹേളനങ്ങളും മർദനങ്ങളും മുറപോലെ ഏറ്റുവാങ്ങിയിട്ടുമുണ്ട്.

ലിവിങ്സ്റ്റണെപ്പറ്റി പടിഞ്ഞാറൻലോകത്തിന് ഏറെക്കാലത്തേക്ക് ഒന്നുമറിഞ്ഞുകൂടായിരുന്നു. അതിനാൽ, ഹെൻറി മോർട്ടോൺ സ്റ്റാൻലി എന്ന അമേരിക്കക്കാരൻ അദ്ദേഹത്തെ തേടിപ്പുറപ്പെട്ടു. 1871 ൽ ഉജീജിയിലെ ഒരു മാവിൻചുവട്ടിലെ ചെറ്റക്കുടിലിൽ സ്റ്റാൻലി കണ്ടെത്തുന്നത് പല്ലുകൊഴിഞ്ഞ് അകാലവാർധക്യം പ്രാപിച്ച ലിവിങ്സ്റ്റണെയാണ്.

ലിവിങ്സ്റ്റണെ സ്റ്റാൻലി കണ്ടുമുട്ടിയിടത്തുള്ള മാവ് ഇന്നില്ല. പക്ഷേ, അവിടെ ഉയർന്നുനില്ക്കുന്ന പല മാവുകളും അടിമകളുടെ കരളലിയിക്കുന്ന കരച്ചിൽ കേട്ടിട്ടുണ്ട്. അവയുടെ തായ്ത്തടികളിൽ അവരുടെ രക്തവും മാംസക്കഷണങ്ങളും പറ്റിപ്പിടിച്ചിട്ടുണ്ടാകണം.

ആഫ്രിക്ക എന്നും അടിമകളുടെ നാടായിരുന്നു - ശതാബ്ദങ്ങൾക്കുമുമ്പു തുടങ്ങിയ ബിസിനസ്. അടിമകളെത്തേടി അറബികൾ ഈസ്റ്റാഫ്രിക്കയിലെത്തിയതിന് ഏതാണ്ടു രണ്ടായിരംകൊല്ലം പഴക്കമുണ്ട്. അടിമക്കച്ചവടത്തിന്റെ ഏറ്റവും വലിയ കേന്ദ്രമായിരുന്നു ഉജീജി. സമീപപ്രദേശങ്ങളിൽനിന്നെല്ലാം സാധുമനുഷ്യരെ വീടുകയറിയും ഓടിച്ചിട്ടും പിടിച്ചെടുത്ത് കൈകാലുകൾ വരിഞ്ഞുകെട്ടി അവിടുത്തെ മാവിൻചുവടുകളിൽ ബന്ധിച്ചിടുമായിരുന്നു. പിന്നീട്, അവരെ ചങ്ങലകളിൽ കോർത്തുകോർത്തിണക്കി ആയിരത്തഞ്ഞൂറിലധികം കിലോമീറ്റർ അകലെയുള്ള സാൻസിബാറിലേക്കു നടത്തിയും ഓടിച്ചും കൊണ്ടുപോകും.

ലിവിങ്സ്റ്റൺ വരുമ്പോൾ അടിമകളെ കൂട്ടം കൂട്ടമായി കെട്ടിയിട്ടു വിലപേശിയിരുന്ന ധാരാളം കമ്പോളങ്ങൾ ഉജീജിയിലുണ്ടായിരുന്നു.

ഉജീജി വിട്ടാൽ പിന്നീടുള്ള പ്രധാന താവളം തബോറയാണ്. തബോറയിൽനിന്നു കൊണ്ടുപോയിരുന്ന അടിമകളുടെ അഞ്ചിലൊന്നുമാത്രമേ അറബിനാടുകളിലെത്തിയിരുന്നുള്ളൂ. ബാക്കിയുള്ളവർ വഴിക്കുവച്ചും സാൻസിബാറിൽവച്ചും മരണപ്പെടും. മലമ്പനിയും മാറാവ്യാധിയും പിടിപെട്ട്, നടന്നുതളർന്ന്, പട്ടിണികിടന്ന്, അടിയും വെടിയുമേറ്റ് എത്രയോ പേർ മരിച്ചുവീണിട്ടുണ്ട്. കേടുവന്ന മത്സ്യങ്ങളെ കുട്ടയിൽനിന്ന് എടുത്തെറിയുന്ന ലാഘവത്തോടെ അവറ്റകളെ വഴിയിലേക്കു തള്ളിയിട്ട് മനുഷ്യത്വമില്ലാത്ത വ്യാപാരികൾ മുമ്പോട്ടുനീങ്ങും. സാൻസിബാറിൽ എത്തിച്ചാൽ അന്ന് ഒരു അടിമയ്ക്ക് ശരാശരി 20 മുതൽ 50 വരെ ഷില്ലിങ് വില കിട്ടുമായിരുന്നു. അവരിൽ പലരെയും നായ്ക്കളെയെന്നപോലെ കൈകാലുകൾ വരിഞ്ഞുകെട്ടി വൃഷണങ്ങൾ തകർത്തു ഷണ്ഡരാക്കിയാണ് അറബിനാടുകളിലേക്കയച്ചിരുന്നത് - തബോറയിലെ ഒരു ഏതദ്ദേശീയവൈദികൻ വേദനയോടെ പറഞ്ഞതോർക്കുന്നു.

ഗോത്രങ്ങൾതമ്മിലുള്ള യുദ്ധം അന്നു സാധാരണമായിരുന്നു. കീഴടങ്ങുന്നവരെയെല്ലാം ഗോത്രപ്രമാണികൾ അറബികൾക്കു പിടിച്ചു കൊടുക്കും. പകരം അറബികൾ അവർക്കു തോക്കും തുണിയും സമ്മാനിക്കും - നേട്ടം ഇരു കൂട്ടർക്കും! ആനക്കൊമ്പും അടിമകളുമായിരുന്നു അറബികളുടെ പ്രധാന വ്യാപാരം. ആനക്കൊമ്പു ചുമക്കാൻ ആളെ കിട്ടാതിരുന്ന കാലത്ത് അടിമവ്യാപാരം ഇരട്ടി നേട്ടമായിരുന്നു. ആനക്കൊമ്പിനോടൊപ്പം ചുമട്ടുകാരെയും ഒന്നിച്ചു വിറ്റു കാശാക്കാൻ കഴിഞ്ഞു!

ഏതാണ്ട്, നൂറ്റിയമ്പതു ലക്ഷത്തോളം അടിമകളെ അങ്ങനെ ആഫ്രിക്കയിൽനിന്ന് അടിച്ചുനീക്കിയിട്ടുണ്ടെന്നാണു കണക്ക്.

ഇവിടേക്കാണ്, "അരുത്", "അരുത്" എന്ന ശബ്ദമുയർത്തിക്കൊണ്ട് ലിവിങ്സ്റ്റൺ എന്ന മനുഷ്യസ്നേഹി കടന്നുവന്നത്. ജീവിതകാലം മുഴുവൻ അദ്ദേഹം അവരോടൊപ്പം കഴിഞ്ഞു.

മുട്ടുകുത്തിനിന്നു പ്രാർഥിച്ചുകൊണ്ടു മരണമടഞ്ഞ ഒരു മിഷനറിയെക്കുറിച്ചു കേട്ടിട്ടുണ്ടോ? അത് 1873 മേയ് ഒന്നിനു പരലോകം പൂകിയ സാക്ഷാൽ ഡേവിഡ് ലിവിങ്സ്റ്റണായിരുന്നു - അടിമകൾക്കുവേണ്ടി മരണംവരെ ജീവിച്ച വിശുദ്ധൻ.

ലിവിങ്സ്റ്റണിന്റെ തബോറയിലെ വസതി ഇന്നൊരു മ്യൂസിയമാണ്. 'അടിമത്തം അവസാനിപ്പിക്കുന്നവർക്ക് സ്വർഗത്തിൽ സൗഭാഗ്യമുണ്ടാകട്ടെ'യെന്ന് അദ്ദേഹം അവിടെ എഴുതിവച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വേദനനിറഞ്ഞ യാത്രാസ്മരണകളും അടിമകളുടെ ദയനീയചിത്രങ്ങളും അവിടെ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. അവയൊക്കെക്കാണുമ്പോൾ അറിയാതെ നമ്മുടെ കണ്ണുകൾ നിറയും, ഹൃദയം പിടയും.

അടിമവ്യാപാരം അവസാനിക്കുന്നതു കാണാനുള്ള അവസരം അദ്ദേഹത്തിനുണ്ടായില്ല. എങ്കിലും, ആ മഹാരഥന്റെ ആത്മബലി അനേകരുടെ കണ്ണുകൾ തുറന്നു - അടിമക്കച്ചവടത്തിന് അറുതി വരുത്തുവാൻ പ്രചോദനമായി.

അപരന്റെ രക്തംകൊണ്ടും വിയർപ്പുകൊണ്ടും ജീവിക്കുന്നവൻ ഒരിക്കലും ശാശ്വതമായ സന്തോഷം കണ്ടെത്തുകയില്ല. മനഃസാക്ഷി അവരെ വെറുതെ വിടുകയില്ല. കടന്നലുകളെപ്പോലെ കടന്നുകുത്തും.

യേശുവിനെ വിറ്റ യൂദാസ് എന്തു നേടി? ഒന്നും നേടിയില്ല. കൈയിൽകിട്ടിയതുപോലും അവന് അനുഭവിക്കാനായില്ല.

ആബേലിന്റെ രക്തം മണ്ണിൽ വീണപ്പോൾ നീതിയുടെ നാദമാണ് ഉയർന്നുപൊങ്ങിയത്: "കായേൻ!" അതിന്റെ ഇടിമുഴക്കത്തിൽ ആകാശഗോളങ്ങൾ കിടിലംകൊണ്ടു. അനന്തനീലിമയുടെ അപാരമൂകതയിൽ ആ ശബ്ദം അലതല്ലിനിന്നു: "ആബേലിന്റെ രക്തം കുടിച്ച മണ്ണ് എന്നെ വിളിച്ചു കരയുന്നു" (ഉത്പത്തി. 4:10).

സഹോദരങ്ങളെ വരിഞ്ഞുകെട്ടി വിറ്റവർ ഒന്നും നേടിയില്ല. അവരുടെ അടിയും വെടിയുമേറ്റു മൃഗങ്ങളെപ്പോലെ മണ്ണടിഞ്ഞവർ അവർക്കറിഞ്ഞുകൂടാത്ത സ്വർഗീയസന്തോഷത്തിലെത്തിച്ചേർന്നു. കരയുന്നവർക്കാണ് ദിവ്യഗുരു സൗഭാഗ്യം വാഗ്ദാനം ചെയ്തത് (ലൂക്കാ. 6-21) എന്ന സത്യം നാം ഒരിക്കലും മറന്നുപോകരുത്. ■

---




മാത്യൂസ് ആർപ്പൂക്കര

## ചേരക്കോഴി



**കേ**രളത്തിലെ ജലാശയങ്ങളിലും പുഴയോരങ്ങളിലും കണ്ടൽക്കാടുകളിലുമൊക്കെ കാണാറുള്ള ചന്തമാർന്നൊരു പക്ഷിയാണ് ചേരക്കോഴി. ഇതൊരിനം നീർപ്പക്ഷിതന്നെ. സ്നേക്ക് ബേർഡ് അഥവാ ഡാർട്ടർ എന്ന് ഇംഗ്ലീഷിൽ വിളിക്കും. ശാസ്ത്രനാമം അൻഹിഞ്ജാ അൻഹിഞ്ജാ. ഏതാണ്ട് പരുന്തിനോളം വലുപ്പം വരും. നീണ്ടുമെലിഞ്ഞ കഴുത്ത് വലിയ മുണ്ടിയുടേതുപോലിരിക്കും. ആകർഷകമായ കറുപ്പുനിറമാണ്. വെള്ളിപോലെ തിളക്കമുള്ള നീണ്ട തൂവലുകൾ പുറത്തു തൂങ്ങിക്കിടക്കുന്നതു കാണാം. തലയ്ക്കും കഴുത്തിനും തിളക്കമുള്ള ഏതാണ്ടു തവിട്ടുനിറമായിരിക്കും. മുഖവും തൊണ്ടയും വെളുപ്പിലും. കഴുത്തിന്റെ വശങ്ങളിലൂടെ ഒരു വെള്ളപ്പട്ട കാണാം. നീണ്ട വാലിന്റെ അറ്റം അർദ്ധവൃത്താകൃതിയിലാവും. കാൽ കുറുകിയതും വിരലുകൾ താറാവിന്റേതുപോലെ ചർമംകൊണ്ട് ബന്ധിപ്പിച്ചവയുമാണ്. വെള്ളത്തിൽ മുങ്ങിക്കിടക്കാനും വായുവിൽ വേഗം പറക്കാനും കഴിയുന്ന സവിശേഷകഴിവുണ്ട്.

വെള്ളത്തിൽ മുങ്ങി ഇരതേടുകയാണു പതിവ്. വളഞ്ഞ കഴുത്ത് പെട്ടെന്നു നീട്ടി ആഹാരം കൊത്തിയെടുക്കുന്നു. ആഹാരംതേടൽ തകൃതിയായി ചെയ്യാനാവും. കൂർത്തു നീണ്ട കഴുത്ത് ഇതിനു സഹായകമാണ്. ചിറകുകൾ ഉണക്കിയെടുക്കാൻ കരയിലോ വെള്ളത്തിലോ കുറ്റിയിലോ ഇരിക്കുന്നതു കാണാം. പ്രജനനം മഴക്കാലത്താണ്. മരക്കൂട്ടങ്ങളുടെ മറവിൽ ചുള്ളിക്കമ്പുകൾ കൊണ്ടാണ് കൂടൊരുക്കുന്നത്.

പാമ്പിനോടു സാദൃശ്യമുള്ള നീണ്ടു നേർത്ത കഴുത്ത് യഥേഷ്ടം നീട്ടിപ്പിടിച്ച്, കഠാരിപോലെ തോന്നിക്കുന്ന കൊക്ക് കാഴ്ചയാക്കി, വിശറി മാതിരി, കറുത്ത, തൂവൽസമൃദ്ധമായ ചിറകുകകൾ വിടർത്തി ചേരപ്പക്ഷി, മരക്കുറ്റിയിലിരിക്കുന്നതു മനോഹരകാഴ്ചയാണ്. തേക്കടിത്തടാകത്തിൽ ബോട്ടിങ് നടത്തിയിട്ടുള്ളവർ ഈ കാഴ്ച കാണാതിരിക്കില്ല. ഈ പക്ഷി നീന്തുമ്പോൾ കഴുത്തിന്റെ കുറേ ഭാഗവും കൊക്കും മാത്രമേ വെള്ളത്തിനു പുറമേ കാണൂ. വെള്ളത്തിൽ മുങ്ങിയുള്ള മീൻ പിടിക്കൽ നല്ല കാഴ്ചയാണ്. നീണ്ടു കൂർത്ത കൊക്കിന്റെ വക്കുകളിൽ ചെറു പല്ലുകളുള്ളതിനാൽ പിടിക്കുന്ന ഇര വഴുതിപ്പോകില്ല. ശരവേഗത്തിലാണു ജലസഞ്ചാരം. ചേരപ്പാമ്പിനെയോ നീർക്കോലിയെയോ അതേ മാതിരിയുള്ള ഇതരപാമ്പുകളെയോ പിടികൂടി കൊന്നു തിന്നാറുള്ളതുകൊണ്ടാണ് ചേരക്കോഴി എന്ന പേരുണ്ടായതെന്നു പഴമക്കാർ പറയുന്നു. വംശനാശഭീഷണി നേരിടുന്ന പക്ഷിയാണിത്. ■

പുതിയ നോവൽ ആരംഭിക്കുന്നു

പാപ്പച്ചൻ കടമക്കുടി



# ചക്രവർത്തിനി

**അ**നന്തമായ നീലപ്പട്ടുപോലെ കടൽ. ഞൊറിഞ്ഞുതിരുന്ന അലുക്കുകൾ തീരങ്ങളിലേക്കു വീണുചിതറുകയാണ്.

അങ്ങകലെ വെളുപ്പും കറുപ്പും നിറമാർന്ന പൊട്ടുകൾ അങ്ങനെ വലുതായി വലുതായി തിരമുറിച്ചെത്തുന്നു. നിരനിരയായി അവ മത്സരിച്ചു കുതിച്ചോടിവരുന്നതു കാണാൻ എന്തുരസം...!

കാറ്റുവീർപ്പിച്ച പായകളുടെ ചെറുതും വലുതുമായ അർദ്ധവൃത്തങ്ങളുടെ ബലം അണിയത്തുനിന്ന് അമരത്തേക്കു വലിച്ചുവച്ചിട്ടുള്ള കയറുകളിലർപ്പിച്ചു വേഗത്തിന്റെ ചിറകുകളിലാണ് അവയുടെ സഞ്ചാരം. തിരമുറിക്കുമ്പോൾ തെന്നിത്തെറിക്കുന്ന നീർമണിവെൺമകൾ കപ്പലുകൾക്കുചുറ്റും കൊലുസിട്ടു കിലുങ്ങുന്നു. അവയുടെ വെളുപ്പും കറുപ്പും നീലക്കടലും കണ്ടാൽ ഒറ്റനോട്ടത്തിൽ ആകാശത്തെ താഴേക്കു മറിച്ചിട്ടതുപോലെയാണ്.

പേർഷ്യൻ ഉൾക്കടലിലെ എല്ലാ തുറമുഖങ്ങളും സജീവമാണ്. കപ്പലുകൾക്കു വന്നുചേരാനുള്ള എല്ലാ ജട്ടികളും വളരെ തിരക്കിലാണ്.

കരയണഞ്ഞ യാനങ്ങൾ ചിറകൊതുക്കിക്കിടക്കുന്നു. കപ്പൽ ജോലിക്കാരും തൊഴിലാളികളും ഓടിനടക്കുന്നുണ്ട്. സാധനങ്ങൾ ഇറക്കുകയും ചുമന്നുമാറ്റുകയും ചെയ്യുന്ന ജോലിയിൽ നിരന്തരം വ്യാപൃതരായവർ. തുറമുഖം ആകെ ബഹളമയം.

യാനങ്ങളിൽ വന്നിറങ്ങിയവരുടെ കെട്ടും മട്ടും വസ്ത്രധാരണരീതിയും കണ്ടാൽ അവരാരും വ്യാപാരികളല്ലെന്നു മനസ്സിലാവും. അമൂല്യരത്നങ്ങൾ, ആഭരണങ്ങൾ, കാഴ്ചവസ്തുക്കൾ തുടങ്ങിയ അപൂർവകൗതുകവസ്തുക്കളുമായി എത്തിയിരിക്കുന്നത് കിഴക്ക് ഹിന്ദുക്കുഷ് മുതലുള്ള പ്രവിശ്യകളിൽ നാടുവാഴുന്നവരാണ്.

അതിമനോഹരമായി തിളങ്ങുന്ന തലപ്പാവും ആഭരണങ്ങളും വിലമതിക്കാനാവാത്ത ആഡംബരവസ്ത്രങ്ങളും ധരിച്ച് അടിമകളുടെയും ഷണ്ഡന്മാരുടെയും പടയാളികളുടെയും അകമ്പടിയോടെയാണ് അവരുടെ യാത്ര.

തലയെടുപ്പുള്ള തൂവെള്ളക്കുതിരപ്പുറത്ത് സ്വർണത്തിന്റെയോ വെള്ളിയുടെയോ കെട്ടുകളുള്ള മൃദുലമായ തുകൽജീനിയിൽ ഇരിക്കുകയാണ് ഒരു ആഗതപ്രമുഖൻ. അരയിൽ തിളങ്ങുന്ന പിടിക്കുതാഴെ ഉറയിൽ രാജകീയമായ ഉടവാൾ തൂങ്ങിക്കിടപ്പുണ്ട്. അതിസുരക്ഷാഭടന്മാരുടെ നിരയുണ്ട് മുന്നിലും പിന്നിലും വശങ്ങളിലും.

ഇങ്ങനെ കുതിരപ്പുറത്തും തേരിലും പല്ലക്കിലുമായി സാമന്തന്മാർ വന്നുകൊണ്ടേയിരിക്കുന്നു.

പേർഷ്യാമഹാരാജ്യം ഉത്സവത്തിമിർപ്പിലാണ്. തലസ്ഥാനമായ സൂസാനഗരത്തിന്റെ അടുത്തുള്ള തുറമുഖങ്ങളിലെല്ലാം ഇത്തരം കാഴ്ചകളാണ്.

തുറമുഖങ്ങൾമുതൽതന്നെ അലങ്കാരത്തോരണങ്ങൾ ആരംഭിച്ചിട്ടുമുണ്ട്.

ആഗതരാകുന്ന രാജാക്കന്മാർ തലസ്ഥാനമായ സൂസായിലേക്കുള്ള രാജകീയവീഥിയിലേക്കാണു നീങ്ങുന്നത്. നഗരത്തിലേക്കു പ്രവേശിക്കുന്ന ഓരോ ഉപവീഥിയും അതിമനോഹരമായി ഒരുക്കിയിരിക്കുന്നു.

പ്രധാന കവലകളിൽ റോന്തുചുറ്റുന്ന പട്ടാളക്കാരുണ്ട്. ഈച്ച പറന്നാൽപ്പോലും അറിയാവുന്ന സൂക്ഷ്മദൃഷ്ടികൾ, വാളുപോലെ മൂർച്ചയുള്ള കണ്ണുകൾ.

പേർഷ്യൻസാമ്രാജ്യത്തിന്റെ ചക്രവർത്തിയായ അഹസ്വേരൂസിന്റെ സ്ഥാനാരോഹണത്തിന്റെ മൂന്നാം വാർഷികാഘോഷങ്ങൾക്കാണ് ആരംഭംകുറിച്ചിരിക്കുന്നത്.

ആണ്ടുവട്ടത്തിലെ മൂന്നാം മാസമായ ശിവാൻ ഇരുപത്തിമൂന്നാം തീയതി പേർഷ്യയിലെയും മിദിയയിലെയും സൈന്യത്തലവന്മാരും പ്രഭുക്കന്മാരും കൂടാതെ ഇന്ത്യമുതൽ എത്യോപ്യവരെയുള്ള പ്രവിശ്യകളിലെ നൂറ്റിയിരുപത്തിയേഴു സാമന്തന്മാരും ഒത്തുചേരാൻ മഹാരാജാവിന്റെ കല്പനയുണ്ട്.



സൂസാരാജവീഥിയിലേക്കു കടക്കുന്ന ഒരു ഇടവഴിയിൽനിന്ന് കീറിയ വസ്ത്രങ്ങളും ക്ഷീണിച്ചു മെലിഞ്ഞ ശരീരവുമായി വൃദ്ധനായ ഒരു അഗതി നടന്നുവരുന്നതു കാണാം. രാജവീഥിയുടെ മാറ്റംകണ്ട് അയാളുടെ മുഖത്ത് അമ്പരപ്പും അദ്ഭുതവും.

പതിവുകാരെ ആരെയും കാണുന്നില്ല.

നെഞ്ചിൽ പരിഭ്രമത്തിന്റെ പെരുമ്പറ കൊട്ടിത്തുടങ്ങി.

വഴി മാറിപ്പോയിരിക്കുമോ?

ഇവിടെ ഉണ്ടായിരുന്നവർക്കെല്ലാം എന്തുപറ്റി? രണ്ടാഴ്ചമുമ്പുവരെ എന്നും താൻ ആ വഴിക്കു വരാറുണ്ടായിരുന്നതല്ലേ? എല്ലാവരെയും കണ്ടു കുശലങ്ങൾ പറയാറുള്ളതല്ലേ?

പനിയും ചുമയും കലശലായപ്പോഴാണു വരവു നിറുത്തിയത്. അങ്ങ് പടിഞ്ഞാറേ അറ്റത്തെ ഗ്രാമത്തിലെ കുടിലിന്റെ വരാന്ത മാത്രമായിരുന്നു കഴിഞ്ഞ ദിവസങ്ങളിലെ ലോകം.

ആ ഇടുങ്ങിയ ഗ്രാമത്തിനുള്ളിലേക്ക് ഒരു വാർത്തയും എത്താറില്ല. ലേശം സുഖമായപ്പോൾ ഇറങ്ങിത്തിരിച്ചതാണ്. മറ്റുള്ളവരുടെ പട്ടിണിയിൽ എത്രനാൾ പങ്കുചേരും! വൃദ്ധനായിപ്പോയെങ്കിലും സ്വയംസമ്പാദിച്ചു ഭക്ഷിക്കുന്നതാണു നല്ലത്. അധ്വാനിക്കാൻ ശേഷിയില്ലാത്തവർക്കുള്ള ഏറ്റവും നല്ല ആശ്രയം ഭിക്ഷയെടുക്കലാണല്ലോ.

ഇന്നു കിട്ടുന്നതുകൊണ്ടു വയറുനിറച്ചെന്തെങ്കിലും കഴിക്കണം. കുറെ ദിവസമായി അർധപ്പട്ടിണിയിലാണ്. ഇനിയും അതു തുടർന്നാൽ നേരേ നില്ക്കാൻപോലും കഴിയാതെയാവും.

ഇതു പണക്കാരുടെ തെരുവാണ്.

പിച്ചയെടുക്കാൻ ഏറ്റവും യോജിച്ച പട്ടണം. ഒന്നോ രണ്ടോ സിഗ്ലാസോ തുട്ടുകളോ (അന്നത്തെ പേർഷ്യൻ നാണയം) തിന്നുമടുത്തവർ വലിച്ചെറിയുന്ന എന്തെങ്കിലും ഉച്ഛിഷ്ടമോ ലഭിക്കാതിരിക്കില്ല.

വേഷവും രൂപവും കണ്ടു ചിലരെങ്കിലും 'പോടാ തെണ്ടീ' എന്ന് ആട്ടിക്കൊണ്ടു കാർക്കിച്ചുതുപ്പുമായിരിക്കും. വീഞ്ഞുകുടിച്ചു മദോന്മത്തരാവുമ്പോൾ ചാട്ടവാർകൊണ്ട് അടിക്കുമായിരിക്കും. എങ്കിലും ദയനീയമായ കരച്ചിൽ കേൾക്കുമ്പോൾ ഒന്നുംതരാതെ പോകാറില്ല. അങ്ങനെ വയറുനിറയും. ബാക്കി എന്തെങ്കിലുമൊക്കെ കാണുകയും ചെയ്യും.

എന്നാലും, ഇന്ന് എന്താണ് ഇവിടെയെല്ലാം ഇത്ര നിശ്ശബ്ദത?

കാറ്റുപോലും ബദാംമരത്തോടു കിന്നരിക്കുന്നില്ല. ചുറ്റിലും കണ്ണയച്ച്, ഏതോ ഭീതിയെ മുന്നിൽക്കണ്ടു മൂകതയുടെമേൽ അയാൾ പതിയെ ചവിട്ടുകയാണ്.

പെട്ടെന്നാണ് എവിടെനിന്നോ ഒരു പട്ടാളക്കാരൻ മുന്നിലേക്കു ചാടിവീണത്. പിന്നാലെ അയാൾക്കൊപ്പംവന്ന മൂന്നുനാലു പട്ടാളക്കാർ ഇരയുടെനേരേ സിംഹങ്ങൾ എന്നപോലെ അയാൾക്കുചുറ്റും നിലയുറപ്പിച്ചു.

"ആരാടാ നീ?"

യാതൊരു ദാക്ഷിണ്യവുമില്ലാതെ ആദ്യത്തെ സിംഹം മുരണ്ടു. പാവം പിച്ചക്കാരൻ! പേടിച്ചു കൂനിവിറച്ചുപോയി. അറിയാതെ അയാളുടെ ചുണ്ടുതേങ്ങി:

"ഒരു പിച്ചക്കാരനാണേമാനേ."

"എന്താടാ നിന്റെ പേര്?"

ശബ്ദം ചെവിതുളച്ചു കയറുകയാണ്.

"ബനാദർ. അടിയൻ ഈ തെരുവിലാ പിച്ചയെടുക്കാറ്." അയാളുടെ മുറിഞ്ഞുവീണ വാക്കുകൾ ഭയന്നു കുറുകി.

"ഇത് രാജവീഥി ആണെന്ന് അറിഞ്ഞൂടേ നിനക്ക്?"

"അറിയാമേ."

"എന്നിട്ടാണോടാ?"

പട്ടാളക്കാരൻ ആ പാവത്തിന്റെ മെലിഞ്ഞുണങ്ങിയ കൈകളിൽ ബലമായി പിടിച്ചു വലിച്ചു.

"കുളിക്കാത്തവനേ, ചപ്രത്തലമുടിയുമായി ഭ്രാന്തനെപ്പോലെ എന്തിനാ ഈ വഴിയേ വന്നത്?" അയാൾ പേമഴപോലെ പെയ്യുകയാണ്.

"അയ്യോ എന്നെ ഒന്നും ചെയ്യല്ലേ..." പിച്ചക്കാരൻ പട്ടാളക്കാരന്റെ കൈകളിൽ പിടഞ്ഞു.

"ഇനിമുതൽ ഒരു തെണ്ടിയെയും ഇവിടെ കണ്ടുപോകരുത്. രാജകല്പനയുണ്ട്."

പട്ടാളക്കാരൻ ബനാദറിനെ വഴിയിലൂടെ വലിച്ചിഴച്ചു. അയാൾ വലിയ വായിൽ കരയുന്നുണ്ടായിരുന്നു. മറ്റൊരു പട്ടാളക്കാരൻ ആ പാവത്തിന്റെ ചെകിട്ടത്തൊന്നു പൊട്ടിച്ചു.

"മിണ്ടിപ്പോകരുത്."

ബനാദറിന്റെ ബോധമണ്ഡലത്തിൽ നക്ഷത്രക്കൂടാരങ്ങൾ മിന്നിത്തെളിഞ്ഞു. അറിയാതെ എന്നിട്ടും അയാൾ കാറിക്കരഞ്ഞുപോയി. കണ്ടുനിന്നവർക്കെല്ലാം ഹരംകയറി. അവരും അവരുടെ കൈക്കരുത്ത് ആ പാവത്തിന്റെ ശരീരത്തിൽ പ്രയോഗിച്ചു. പട്ടാളക്കാരുടെ കൈകളിലൂടെ ഇഴഞ്ഞിഴഞ്ഞ് മുഷിഞ്ഞ തുണിക്കഷണംപോലെ ഇടവഴിയിലേക്ക് ആ കരച്ചിൽ നിരങ്ങിനേർത്തലിഞ്ഞ് ഇല്ലാതായി.

ഇത്തരം കരച്ചിലുകൾക്കുമീതെയാണ് സൗന്ദര്യത്തിന്റെ പട്ടുചേലയുംചുറ്റി രാജവീഥി നില്ക്കുന്നത്. കാണാൻ അഴകുള്ളവ മാത്രം മതി. ആരോഗ്യമുള്ളവ മാത്രം മതി.

ഇന്നലെവരെ കിഴക്കുവശത്ത് ഒരു ചെറിയ ചെരുപ്പുകട ഉണ്ടായിരുന്നു, കടയിലൊരു ചെരുപ്പുകുത്തിയും. ഇന്ന് രണ്ടും അവിടെയില്ല. ആ ഒഴിവിൽ ഒരു പുതിയ പൂച്ചെടി ഒന്നുമറിയാത്തതുപോലെ നിന്നു ചിരിക്കുന്നുണ്ട്.

പൂച്ചെടിക്കുമപ്പുറത്തു കാണുന്നത് ഒരു പുതിയ ചാരുബെഞ്ചാണ്. വഴിപോക്കരെത്തേടി വിഷമിച്ചാണ് അതു നില്ക്കുന്നത്. ആരും ഇതുവരെ എത്തിയിട്ടില്ല, ഒന്നിരിക്കാൻ.

എന്തോ ചില അസംബന്ധങ്ങൾ പുലമ്പിക്കൊണ്ട് ചില കിളികളും കാക്കകളും പാറുന്നുണ്ടെന്നു മാത്രം.

ഇത്രയും നാൾവരെ നേരേ ഇടതുവശത്ത് പടിഞ്ഞാറുണ്ടായിരുന്ന ഒരു കശാപ്പുശാലയുടെ നേരിയ മണം കാറ്റിനോടു ചുറ്റിപ്പിണഞ്ഞ് പോകാൻമടിച്ച് അവിടെ പട്ടാളക്കാരറിയാതെ കറങ്ങിനടക്കുന്നുണ്ട്.

അതിനുമപ്പുറത്ത് അടിമകളുടെ കുഞ്ഞുങ്ങൾ ഓടിയും കളിച്ചും തല്ലുകൂടിയും കരഞ്ഞും ബഹളമുണ്ടാക്കിയിരുന്ന ഒരു ഷെഡ്ഡുണ്ടായിരുന്നു. വഴിയിലേക്കിറങ്ങി പ്രഭുക്കന്മാരുടെ തല്ലോ വണ്ടിക്കാരുടെ ശകാരമോ ലഭിക്കാതിരിക്കാൻ കുഞ്ഞുങ്ങളെ തടുത്തുകേറ്റുവാനും ശിക്ഷിക്കാനും വൃദ്ധനായ ഒരു അടിമയും ഉണ്ടായിരുന്നു. താടിനരച്ച് എല്ലുന്തിയ ഒരു പൊക്കക്കാരൻ.

ആ അടിമവൃദ്ധനെപ്പോലെതന്നെ കുഞ്ഞുങ്ങൾക്കൊരു തണലായിനിന്നിരുന്ന അത്തിമരം ഇപ്പോൾ ഒറ്റയ്ക്കാണ് .

ആരോടും ഒന്നും മിണ്ടുന്നില്ല. കുഞ്ഞുങ്ങളുടെ ഇടതടവില്ലാത്ത കിലുക്കങ്ങളിനി കേൾക്കാനാകുമോ എന്നൊരു നെടുവീർപ്പുണ്ട് ഇടയ്ക്കിടെ.

അനാഥമായി താഴെ പഴുത്തുവീണ കായ്കൾ ആർക്കും വേണ്ട. ഓരോ കായും അഴുക്കുതൂത്തുതുടയ്ക്കുന്ന കൊതിത്തുടകളിലേക്കു ചാട്ടവാറിന്റെ പ്രഹരമായി പതിക്കുമോ എന്ന് ഞെട്ടുന്നുണ്ട് പാവം അത്തിമരം.

തൊട്ടപ്പുറത്ത് ഏതോ വലിയ ഒരു വ്യാപാരശാല ഉയർന്നിട്ടുണ്ട്. ബഹുവർണസുന്ദരമായ പരവതാനിവിരിച്ച മനോഹരമായ ഇരിപ്പിടങ്ങൾ, മേശകളിലും അലമാരകളിലും വിലകൂടിയ മേത്തരം വീഞ്ഞ്, ബദാം, ഈന്തപ്പഴങ്ങൾ തുടങ്ങിയവ അവിടെ സുലഭം.

*ശേഷം 13-ാം പേജിൽ*



*പരിവർത്തിത ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടു ദലിത് കത്തോലിക്കാ മഹാജനസഭ പാലാ കുരിശുപള്ളിക്കവലയിൽ നടത്തിയ ഉപവാസധർണ പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.*

# തിരഞ്ഞെടുപ്പുകളിൽ ദളിത്ക്രൈസ്തവരെ സ്ഥാനാർഥികളാക്കണം: മാർ ജോസഫ് കല്ലറങ്ങാട്ട്

പാർലമെന്റ് - നിയമസഭാ തിരഞ്ഞെടുപ്പുകളിൽ ദളിത് കത്തോലിക്കരെ സ്ഥാനാർഥികളാക്കാൻ രാഷ്ട്രീയപ്പാർട്ടികൾ തയ്യാറാകണമെന്നു മാർ ജോസഫ് കല്ലറങ്ങാട്ട്. പട്ടികജാതിയിൽനിന്നു ക്രൈസ്തവമതം സ്വീകരിച്ച ദളിത് ക്രൈസ്തവർക്ക് അർഹമായ നീതി നിഷേധിക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സമീപനം കുറ്റകരവും തിരുത്തപ്പെടേണ്ടതുമാണെന്നും ബിഷപ് പറഞ്ഞു. പരിവർത്തിത ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടു ദലിത് കത്തോലിക്കാ മഹാജനസഭ പാലാ കുരിശുപള്ളിക്കവലയിൽ നവംബർ ഒന്നിനു നടത്തിയ ഉപവാസധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്.

ന്യൂനപക്ഷാവകാശങ്ങളും പിന്നാക്കസംവരണവും ഭരണഘടനയിൽ എഴുതപ്പെട്ട കാര്യങ്ങളാണ്. എന്നാൽ, 1950 ൽ അന്നത്തെ ഇന്ത്യൻ പ്രസിഡന്റ് ഈ സംവരണം ഹിന്ദുമതവിശ്വാസികൾക്കുമാത്രമായി പരിമിതപ്പെടുത്തിയെന്നത് ഏറെ ദുഃഖകരമായ കാര്യമാണ്. 1956 ൽ സിക്കുമതവിശ്വാസികളായ ദളിതർക്കും 1990 ൽ ബുദ്ധമതവിശ്വാസികളായ ദളിതർക്കും പട്ടികജാതി സംവരണം നൽകി. അതു ഭരണഘടനയിൽ തിരുത്തൽ വരുത്തിക്കൊണ്ടാണ്. നമ്മുടെ ആവശ്യവും അതുതന്നെയാണ്. സംവരണം മതവിശ്വാസത്തിന്റെപേരിൽ വർജിക്കപ്പെടേണ്ട കാര്യമല്ലെന്നു ബിഷപ് ചൂണ്ടിക്കാട്ടി. പട്ടികവർഗക്കാർക്കെന്നപോലെ അതു ജാതിയുടെ അടിസ്ഥാനത്തിൽ നല്കപ്പെടേണ്ടതാണ്. സംവരണം ഹിന്ദുമതവിശ്വാസത്തിന്റെ പരിധിയിലൊതുക്കിയത് മതേതരഭാരതത്തിനും ഭരണഘടനാതത്ത്വങ്ങൾക്കുമെതിരാണ്; ഭരണഘടന നിഷേധിക്കുന്നതിനു തുല്യമാണത്. വളരെ ജാഗ്രതയോടെ സജീവമായ സ്വരത്തിൽ ഇക്കാര്യങ്ങൾ അധികാരികളുടെ മുമ്പിൽ അവതരിപ്പിക്കണം. ഇക്കാര്യത്തിൽ പാലാ രൂപതയിലെ ആളുകൾക്കു കൂടുതൽ ഉത്തരവാദിത്വമുണ്ടെന്നും ബിഷപ് ഓർമപ്പെടുത്തി.

ഡി.സി.എം.എസ്. രൂപത പ്രസിഡന്റ് ബിനോയ് ജോൺ അധ്യക്ഷത വഹിച്ചു. രൂപത വികാരി ജനറാൾമാരായ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ജോസഫ് കണിയോടിക്കൽ, തോമസ് ചാഴികാടൻ എം.പി, എം.എൽ.എ.മാരായ മാണി സി.കാപ്പൻ, മോൻസ് ജോസഫ്, സെബാസ്റ്റ്യൻ കുളത്തുങ്കൽ, ഡി.സി.എം.എസ്. സംസ്ഥാന ഡയറക്ടർ ഫാ. ജോസഫ് വടക്കേക്കുറ്റ്, ഫാ. ജോസഫ് തടത്തിൽ, ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജെയിംസ് ഇലവുങ്കൽ, ബിജി സാലസ്, ജസ്റ്റിൻ കുന്നുംപുറം, ഷിബു ജോസഫ്, സിജു സെബാസ്റ്റ്യൻ, പി.ഒ. പീറ്റർ, ബിന്ദു ആന്റണി, ബേബി ആന്റണി, ബാബു പീറ്റർ, ബിപിൻ ബേബി എന്നിവർ പ്രസംഗിച്ചു. കെ.സി.ബി.സി. എസ്.സി./ എസ്റ്റി./ ബി.സി. കമ്മീഷൻ ചെയർമാൻ ബിഷപ് ഗീവർഗീസ് മാർ അപ്രേം സമാപനസന്ദേശം നല്കി.

# മക്കൾ

15

കുടുംബവിളക്ക്



**ഫാ. തോമസ് പാട്ടത്തിൽചിറ CMF**


മക്കളെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. കുടുംബവൃക്ഷത്തിലെ കനികളും കായ്കളുമാണ് കുഞ്ഞുങ്ങൾ. വിടിന് അനക്കവും അർഥവും നല്കുന്നവരാണവർ. മാതാപിതാക്കൾ മക്കളെക്കുറിച്ചു ചിന്തയുള്ളവരായിരിക്കണം. ജന്മം കൊടുത്താൽമാത്രം പോരാ, ഉണർവിലും ഉറക്കത്തിലും അവരെപ്പറ്റി ഓർമയുള്ളവരായിരിക്കണം. അവർക്കു ക്രൈസ്തവമായ പേരുകളിടണം. കുഞ്ഞുങ്ങളെ സംബന്ധിക്കുന്ന സകലകാര്യങ്ങളും അവർ അറിഞ്ഞിരിക്കണം. അപ്പനമ്മമാർക്കില്ലാത്ത മക്കൾവിചാരം മറ്റാർക്കാണുണ്ടാവുക? ഉദരഫലങ്ങൾ ദൈവത്തിന്റെ ദാനങ്ങളാണെന്ന അടിസ്ഥാനാവബോധമാണ് ആദ്യമുണ്ടാകേണ്ടത്. അതുകൊണ്ടുതന്നെ കുടുംബത്തിൽ കുഞ്ഞുങ്ങളുണ്ടാകണം. തലമുറകൾക്കു ജന്മം നല്കാനുള്ള ദൈവദത്തമായ ശേഷിയെ സുഖസൗകര്യങ്ങളുടെ പേരിൽ പ്രയോജനപ്പെടുത്താതിരിക്കുകയും ചില ഭൗതികനേട്ടങ്ങൾക്കു വേണ്ടി കുട്ടികളുടെ എണ്ണം കുറയ്ക്കുകയുമൊക്കെ ചെയ്യുന്നവർ ഒരു കുഞ്ഞിക്കാലു കാണാൻ കണ്ണീരോടെ നോമ്പുനോറ്റു പ്രാർഥിക്കുന്ന ദമ്പതികളുമുണ്ടെന്നുള്ള വസ്തുത വിസ്മരിക്കരുത്. വളരെ നിസ്സാരമായി ഗർഭപാത്രത്തെ കൊലക്കളമാക്കി മാറ്റുന്ന ഭാര്യാഭർത്താക്കന്മാരോടു കർത്താവ് കണക്കു ചോദിക്കട്ടെ.

തങ്ങളുടെതന്നെ ചോരയും നീരുമായ മക്കളെക്കുറിച്ചല്ലാതെ മറ്റാരെക്കുറിച്ചാണ് മാതാപിതാക്കൾക്കു കൂടുതൽ വിചാരിക്കാനുള്ളത്? ജന്മമേകിയ കുഞ്ഞുങ്ങളുടെ വളർച്ചയിലും വിളർച്ചയിലും അവർ ശ്രദ്ധാലുക്കളായിരിക്കണം. അവരുടെ ന്യായമായ ആവശ്യങ്ങൾ നടത്തിക്കൊടുക്കണം. അവർ എവിടെയാണ്, എന്താണ് എന്നൊക്കെ വ്യക്തമായി അറിഞ്ഞിരിക്കണം. 'കുട്ടികളുടെ കാര്യമെല്ലാം അമ്മയെ/ അപ്പനെ ഏല്പിച്ചിരിക്കുവാ' എന്ന് ദമ്പതികളിലാർക്കും തന്നെ പറയാൻ അവകാശമില്ല. രണ്ടുപേരുടെയും കൂട്ടുത്തരവാദിത്വമാണത്. സർവോപരി, അപ്പനമ്മമാർ മക്കളെ പ്രതിദിനം കർത്താവിനു പ്രതിഷ്ഠിച്ചു കരങ്ങൾ വിരിച്ചു പ്രാർഥിക്കണം. ദിവസവും അവരുടെ നെറ്റിയിൽ കുരിശുവരച്ച് അനുഗ്രഹിക്കണം. മക്കൾ എത്ര മോശക്കാരാണെങ്കിലും അവരെ ശപിക്കരുത്. ഓർക്കണം, മക്കൾവിചാരമില്ലാത്ത മാതാപിതാക്കളാണ് അവരെ അക്ഷരാർഥത്തിൽ അനാഥരാക്കുന്നത്. മക്കളെക്കുറിച്ചുള്ള മറവി മേലിൽ ഒരു ക്രൈസ്തവകുടുംബത്തിനും ഉണ്ടാകാതിരിക്കട്ടെ.

*'കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും.' (സങ്കീ. 127:3)*

കവിത

**ഡോ. കെ.കെ. ശിവദാസ്**



# സെന്റ്മേരീസ് ചർച്ചിനുമുന്നിൽ

വവ്വാലുകൾ ധ്യാനിക്കുന്ന മരക്കൂട്ടങ്ങൾക്കിടയിൽ
എന്നേ അതവിടെയുണ്ടായിരുന്നെങ്കിലും
മീൻകാരികളാണ് ആ സ്ഥലം
എനിക്കു വെളിപ്പെടുത്തിയത്.
പകൽ പതിനൊന്നിനോ പന്ത്രണ്ടിനോ
വില്പനയ്ക്കിരിക്കുംമുമ്പ്
അവർ പത്തോ ഇരുപതോ
ജപിച്ചൂതി നേർച്ചയിട്ടു.
പണം തോനെ കിട്ടിയപ്പോളും
കൊട്ട നേരത്തേ കാലിയായപ്പോളും
അവർ മാതാവിന്നു മുന്നിൽ
നിറയെ മെഴുതിരി കത്തിച്ചു.
മീൻകൊതിയനായ എന്നോട്
വില്പനക്കാരികൾ പറഞ്ഞു:
സത്യമൊള്ള മാതാവാണ്
സങ്കടമൊണ്ടേ കേക്കുന്നോളാണ്
സങ്കടങ്ങളുടെ കണക്കു ബോധിപ്പിക്കാതെ
ചെറുചിരിയിൽ എന്റെ മറുപടിയൊതുങ്ങി
പിന്നീടെപ്പോഴോ
സെന്റ്മേരീസ് ചർച്ചിനുമുന്നിൽ
എനിക്കൊരു സ്റ്റോപ്പുണ്ടായി.
പ്രതികാരദാഹിയായ ചെന്നായ
മനസ്സിൽ മുരണ്ടതുകൊണ്ട്
മാതാവിന്റെ ഹൃദയത്തിലേക്ക് നോക്കാനായില്ല.
പക്ഷേ, തലയല്പം താഴ്ത്തി
ഉണ്ണീശോയുടെ കൈപിടിച്ച
ആ ശാന്തസ്വരൂപിണിയുടെ മുന്നിലെ നേർച്ചപ്പെട്ടിയിൽ
ലോട്ടറിയടിക്കാനും ശത്രുസംഹാരത്തിനും
ഞാനിടയ്ക്കു ചില്ലറയിട്ടു.
ഒന്നും തരമാവാതെ പിന്നെപ്പതുക്കെ
ആ സ്ഥലത്തെയും മറന്നു.
ഭ്രാന്തിന്റെ കയ്പുള്ള മാർച്ചിലോ
മരുന്നുകൾ തിന്നുതീർത്ത ഏപ്രിലിലോ
ആധി മൂത്ത് തൊണ്ട വരണ്ട മേയിലോ
സെന്റ് മേരീസ് ചർച്ചിനെക്കുറിച്ച്
ഞാനോർത്തതേയില്ല.
എല്ലാം തീർന്നെന്നു തോന്നിച്ച
ജൂണിലെ ആദ്യശനിയാഴ്ച,
മരണവുമായി ദീർഘസംഭാഷണത്തിനൊരുങ്ങവേ
പെട്ടെന്ന് സെന്റ്മേരീസ് ചർച്ച് ഓർമയിലെത്തി.
ചതുപ്പിൽ താണുപോകുംമുമ്പേ
പിടിച്ചുകയറ്റിയ കൈപോലെ
നന്മ നിറഞ്ഞവളുടെ കാരുണ്യം
പ്രത്യാശയുടെ കിരണങ്ങളായി.
മനസ്സിലെ ചെന്നായയെ പുറത്താക്കി
പിറ്റേന്ന് കാക്ക കരയുംമുമ്പേ
ഞാനാ രൂപക്കൂടിനു മുന്നിൽ മുട്ടുകുത്തി.
സെന്റ് മേരീസ് ചർച്ചിനുമുമ്പിൽ
നിൽക്കുന്ന ഞാനിപ്പോൾ
മാതാവിന്റെ ഹൃദയത്തിലേക്കു നോക്കുകയാണ്.
മഴ പെയ്യുന്നതു കൂസാതെ മുന്നോട്ടു നടക്കയാണ്.

# ചക്രവർത്തിനി

*11-ാം പേജ് തുടർച്ച*

സാമാന്യം നല്ല വേഷത്തിൽ ഉപഭോക്താക്കളെ സ്വീകരിക്കാൻ അണിഞ്ഞൊരുങ്ങിയ വ്യാപാരിയുടെ അടിമകൾ. അകത്ത് വാണിജ്യപ്രമുഖൻ.

ഈ ലാവണ്യത്തിനുമുമ്പ് ഇവിടെ ഒരു കുഞ്ഞുകടയുണ്ടായിരുന്നല്ലോ! അതോ അത് വെറുമൊരു ഓർമമാത്രമായിരുന്നുവോ!

വേലകഴിഞ്ഞു വിയർത്തും ക്ഷീണിച്ചുമെത്തുന്ന അർധപ്പട്ടിണിക്കാർക്ക് ഉല്ലസിക്കാൻ താണതരം വീഞ്ഞും അപ്പവും വിറ്റിരുന്ന കട.

രാത്രിയുടെ യാമങ്ങളിൽ ദുരിതങ്ങളുടെമേലെ ലഹരിയുടെ ഉന്മാദവുമായി പരസ്പരം കലഹിച്ചിരുന്ന സ്നേഹങ്ങളൊക്കെ എവിടെപ്പോയി?

ഇതെങ്ങനെ ഇത്ര വേഗത്തിൽ പേർഷ്യൻ രാജവീഥി മാറിപ്പോയി? ഏതു മാന്ത്രികനാണ് ഇതിനെ ഇങ്ങനെ മാറ്റിമറിച്ചത്? സത്യമോ മതിഭ്രമമോ എന്നു തിരയേണ്ടി വന്നില്ല. അതിനുമുമ്പ് അതാ പരുക്കൻ കാലൊച്ചകളുടെ ആരവമുയരുകയാണ്.

താളമുള്ള കനത്ത ശബ്ദം. കടിച്ചമർത്തപ്പെട്ട നിശ്ശബ്ദതയുടെ നെഞ്ചിന്മേൽ ചവിട്ടിത്തിമിർക്കുന്നു.

വാഴ്ത്തപ്പെടേണ്ടവന്റെ, മഹാനായ അഹസ്വേരുസ് ചക്രവർത്തിയുടെ കൊട്ടാരത്തിലേക്കുള്ള രാജപാതയാണ്. ഈ കൃത്രിമ സന്തോഷത്തിന്റെ അലങ്കാരങ്ങൾ കാണുവാൻ വരികയാണ് സാമന്തന്മാർ. അവർ ഈ മാർഗത്തിലൂടെയാണ് ചക്രവർത്തിയുടെ കൊട്ടാരത്തിൽ എത്തിച്ചേരുന്നത്.

രാജ്യത്തിന്റെ സമ്പത്തും മികവും ഉന്നതിയും സാംസ്കാരികമായ സൗന്ദര്യവും വൃത്തിയും എല്ലാം കാഴ്ചക്കാരുടെ കണ്ണുകളിൽ അദ്ഭുതങ്ങൾ സൃഷ്ടിക്കണം, ചക്രവർത്തി പ്രശംസിക്കപ്പെടണം അതുകൊണ്ടാണ് ബാബിലോൺ, പസർഗഡേ, എക്ബറ്റാന, പെർസെപോളിസ് എന്നീ നഗരങ്ങളെക്കാൾ കൂടുതൽ മെച്ചപ്പെട്ട സൂസാനഗരം അഹസ്വേരുസ് ചക്രവർത്തി തലസ്ഥാനമാക്കിയത്. ഈ നഗരം പേർഷ്യൻ മഹാസാമ്രാജ്യത്തിന്റെ അഭിമാനപ്രതീകമാണ്.

എല്ലായിടങ്ങളിൽനിന്നും പ്രഭുക്കന്മാരും സാമന്തന്മാരും വന്നുകൊണ്ടേയിരിക്കുന്നു. കുതിരക്കുളമ്പടികളും പട്ടാളക്കാരുടെ ആരവങ്ങളും അടിമകളുടെയും അംഗരക്ഷകരുടെയും ആഹ്ലാദസ്വരങ്ങളുംകൊണ്ട് രാജവീഥി മുഖരിതമാവുകയാണ്. ആകാശത്തോളം ഉയർന്ന പൊടിപടലങ്ങൾ ചക്രവർത്തിയുടെ അപദാനങ്ങൾപോലെ എങ്ങും വ്യാപിക്കുന്നു. അങ്കപ്പുറപ്പാടിനെന്നമട്ടിൽ ആന, കുതിര, ഒട്ടകം, തേര്, കാലാൾ എന്നിങ്ങനെ വിപുലസൈനികനിരയുമായി എത്തുന്നവരുമുണ്ട്. അവരുടെ അംഗരക്ഷകരും അകമ്പടിക്കാരുമൊക്കെയായി പേർഷ്യയുടെ തലസ്ഥാനം മാറ്റിമറിക്കപ്പെട്ടു. ലോകമെമ്പാടുമുള്ള രാജാക്കന്മാരും ജനങ്ങളും ഒരേയൊരു നാമംമാത്രം ഓർത്തുവയ്ക്കണം, പേർഷ്യൻ ചക്രവർത്തിയായ അഹസ്വേരുസിന്റേതുമാത്രം.

ഇത്ര കൂലംകഷമായ കർശന നിയന്ത്രണങ്ങൾ നിലനിൽക്കുമ്പോൾ രാജവീഥിയുടെ അങ്ങേത്തലയ്ക്കൽക്കൂടി വേഗത്തിൽ നടന്നുപോവുകയാണ് ഒരു അടിമ. ഷണ്ഡനാണെന്നു തോന്നുന്നു.

ആരെയും ശ്രദ്ധിക്കാതെ, പട്ടാളക്കാരെ അവഗണിച്ച് അവൻ മുന്നോട്ടുപോവുകയാണ്. കാവൽ നിൽക്കുന്ന പട്ടാളക്കാർക്ക് അതത്ര ഇഷ്ടപ്പെട്ടില്ലെന്നു തോന്നുന്നു.

അവന്റെ സമീപത്തേക്ക് ഒരു പട്ടാളക്കാരൻ ആക്രോശത്തോടെ ഓടിയെത്തി.

"ആരാടാ?"

ഷണ്ഡൻ ഒന്നു തിരിഞ്ഞു നോക്കി. പിന്നെ ചുണ്ടുകോട്ടി ച്ചിരിച്ചുകൊണ്ടു മുന്നോട്ടു നടന്നു. പട്ടാളക്കാരന്റെ കണ്ണിൽ തീപടർന്നു.

അയാൾ ഝടിതിയിൽ അവന്റെ വസ്ത്രത്തിൽ പിടിത്തമിട്ടു. ഷണ്ഡൻ എത്രയും ലാഘവത്തോടെ ആ കൈ തട്ടിമാറ്റി. നടത്തത്തിന് വേഗം കൂട്ടി.

"അത്രയ്ക്കായോടാ നീ?" പട്ടാളക്കാരൻ അടിമയെ വട്ടംപിടിച്ചു.

അപ്പോഴേക്കും മറ്റു പട്ടാളക്കാരും ഓടിയെത്തി. വെറുമൊരു ഷണ്ഡനല്ല ഇവനെന്ന് വ്യക്തമായെങ്കിലും പട്ടാളക്കാരന്റെ അധികാരധാർഷ്ട്യം ബോധ്യത്തെ മറികടന്നു. വന്നതിലൊരാൾ അവന്റെ ചെകിട്ടത്ത് അടിച്ചു.

ഷണ്ഡൻ തിരിഞ്ഞുനിന്നു. മദമിളകിയ ഒറ്റയാനെയപ്പോലെ അവൻ തന്നെ ഉപദ്രവിച്ച പട്ടാളക്കാരന്റെ നേരേ തിരിഞ്ഞു.

അപ്പോൾ വട്ടംപിടിച്ചിരുന്ന ആദ്യത്തെ പട്ടാളക്കാരൻ അവനോട് അലറുന്നപോലെ ചോദിച്ചു.

"രാജകല്പന നിനക്കറിയില്ലേടാ?"

തീപാറുന്ന നോട്ടമായിരുന്നു മറുപടി.

"എന്റെ ദൗത്യം തടസ്സപ്പെടുത്തിയതിനു നിനക്കു ശിക്ഷ വാങ്ങിത്തരുന്നുണ്ട്. പ്രധാന സചിവൻ ഹാമാൻ തിരുമനസ്സിന്റെ കല്പനയുമായി പോവുകയാണ് ഞാൻ."

ഷണ്ഡൻ കോപത്തോടെ പ്രതിവചിച്ചു. തുടർന്ന് വലിയ പട്ടാളക്കാരനോടു ചോദിച്ചു.

"നിന്റെ പേരെന്താ?"

മറുപടിയും ചോദ്യവും കേട്ട് പട്ടാളക്കാർ ഭയന്നു.

"ആളറിയാതെ പറ്റിപ്പോയതാണ്." അടിച്ച ഭടൻ ഭൂമിയോളം താഴ്ന്നു.

ഷണ്ഡൻ അയാളെ പിടിച്ചു തള്ളി.

"പോടാ."

അയാൾ പിന്നോട്ട് വേച്ചു വേച്ചു പോയി.

പിന്നീട് മറ്റൊന്നും പറയാതെ അവൻ വേഗത്തിൽ നടക്കാൻ തുടങ്ങി.

ഇളിഞ്ഞുപരന്ന മുഖവുമായി ഭടന്മാർ രാജവീഥിയുടെ അരികിലേക്കു നീങ്ങിനിന്നു.

*(തുടരും)*

---

**നേർമൊഴി**



**ഫാ. മാത്യു ചന്ദ്രൻകുന്നേൽ**

# കടന്നുകയറ്റം പലവിധം

**അ**നുമതിയില്ലാതെ മറ്റുള്ളവരുടെ കാര്യത്തിൽ ഇടപെടുന്നതും അവരെ അലോസരപ്പെടുത്തുന്നതും കടന്നുകയറ്റത്തിന്റെ പരിധിയിൽ വരുന്നു. ഹമാസ് ഭീകരർ ഇസ്രായേൽ അതിർത്തിലംഘിച്ച് അകത്തു കടന്നത് കടന്നുകയറ്റമാണ്. അവകാശധ്വംസനമുണ്ടായാൽ അതിനെയും സ്വാതന്ത്ര്യത്തിനുമേലുള്ള കടന്നുകയറ്റം എന്നു വിളിക്കുന്നു. അനുവാദമില്ലാതെ ഒരാളുടെ സ്വകാര്യതയിലേക്കു പ്രവേശിക്കുന്നതും കടന്നുകയറ്റം തന്നെ. ഇന്നത്തെ മാധ്യമപ്രവർത്തനം ഒരു പരിധിവരെ അങ്ങനെയാണെന്നു വിലയിരുത്തേണ്ടി വരും.

നിലവാരമുള്ള അച്ചടിമാധ്യമങ്ങളെ ഒഴിവാക്കിയാണ് ഇതു പറയുന്നത്. മലയാളത്തിലെ പ്രധാനപ്പെട്ട പത്രങ്ങൾക്ക് ഒരു നൂറ്റാണ്ടിലേറെ സേവനപാരമ്പര്യമുണ്ട്. പത്രമാധ്യമങ്ങൾ എന്നും നിലകൊണ്ടിട്ടുള്ളത് വ്യക്തികളുടെയും മൂല്യങ്ങളുടെയും സംരക്ഷണത്തിനുവേണ്ടിയാണ്. മൂല്യനിരാസത്തെയും വ്യക്തിഹത്യകളെയും പത്രങ്ങൾ എല്ലാക്കാലത്തും നിരുത്സാഹപ്പെടുത്തിയിരുന്നു. എന്നാൽ, കഴിഞ്ഞ കാൽനൂറ്റാണ്ടിനുള്ളിൽ രൂപംകൊണ്ട ദൃശ്യമാധ്യമങ്ങൾ അച്ചടിമാധ്യമങ്ങൾ പാലിച്ചുപോന്ന അടിസ്ഥാനമര്യാദകൾ പാലിക്കുന്നുണ്ടോ എന്നു സംശയമാണ്. അച്ചടിമാധ്യമങ്ങൾ വാർത്തകൾ അവതരിപ്പിക്കുന്നത് ശാന്തമായ പഠനത്തിനും പല തലങ്ങളിലുള്ള എഡിറ്റർമാരുടെ പരിശോധനയ്ക്കും ശേഷമാണ്. പത്രമാധ്യമങ്ങൾക്കു വാർത്തകൾ പ്രസിദ്ധീകരിക്കാൻ ആവശ്യത്തിനു സമയം ലഭിക്കുന്നുണ്ട്. എന്നാൽ, ദൃശ്യമാധ്യമങ്ങൾക്ക് ഒരുക്കത്തിനും അവതരണത്തിനുമുള്ള സമയം താരതമ്യേന കുറവാണ്. ഏറ്റവും ആദ്യം വാർത്ത എത്തിക്കുന്നതിനാണ് ദൃശ്യമാധ്യമങ്ങൾ തമ്മിൽ മത്സരിക്കുന്നത്. ഈ മത്സരം പലപ്പോഴും അടിസ്ഥാനമര്യാദകളുടെ പരിധികൾ ലംഘിക്കാറുണ്ട്. രഹസ്യങ്ങൾ ചോർത്താനും പറയാത്ത കാര്യങ്ങൾ പറഞ്ഞതുപോലെ പറയാനും പറഞ്ഞ കാര്യങ്ങളെ തങ്ങളുടെ താത്പര്യങ്ങൾക്കു യോജിച്ച വിധം വ്യാഖ്യാനിക്കാനുമുള്ള ശ്രമത്തിനിടയിൽ പലർക്കുമെതിരേ കടന്നുകയറ്റങ്ങൾ നടക്കുന്നതായി കാണുന്നു.

മലയാളത്തിൽ ഒരു ഡസനോളം വാർത്താചാനലുകളും മിക്കവയ്ക്കും വാർത്താവിശകലനപരിപാടികളുമുണ്ട്. അതിലൊന്ന് അന്തിച്ചർച്ചയാണ്. വാർത്തയുടെ വിശകലത്തിനും വിലയിരുത്തലിനും സഹായിക്കുന്ന പരിപാടിയാണത്. കാരണം, ആ വിഷയത്തെക്കുറിച്ച് ആധികാരികമായി സംസാരിക്കാൻ കഴിവുള്ളവരാണ് അതിഥികളായി എത്തുന്നത്. എന്നാൽ, രാഷ്ട്രീയകക്ഷികളുടെ പ്രതിനിധികളായി എത്തുന്നവരുടെ ഏകപക്ഷീയമായ ചിന്താഗതിയും ധാർഷ്ട്യവും പ്രതിപക്ഷബഹുമാനമില്ലായ്മയും സംസ്കാരശൂന്യമായ പദപ്രയോഗങ്ങളും അന്തിച്ചർച്ചകളെ വെടക്കാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. അതായത്, അന്തസ്സുള്ളവർക്കു മനസ്സമാധാനത്തോടെ ഇരുന്നു വീക്ഷിക്കാൻ കൊള്ളാത്ത പരിപാടിയായി അതു തരംതാണിരിക്കുന്നു. വാദവും പ്രതിവാദവും കൊള്ളാം. ആവേശവും ശബ്ദഘോഷവും സഹിക്കാം. എന്നാൽ, വെല്ലുവിളിയും കൊലവിളിയും തെറിവിളിയുമായി അതു മാറുന്നതുകൊണ്ട് കാഴ്ചക്കാരുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. ഇത്തരം അധമചർച്ചകൾ നടത്തുന്ന ചാനലുകളുടെ യൂട്യൂബ് ചാനലുകൾക്ക് ശരാശരി നാല്പതു ലക്ഷത്തിലധികം കാഴ്ചക്കാരുണ്ട്. ചർച്ചകൾ കാണാൻ ആയിരക്കണക്കിനാളുകൾപോലും തത്സമയം ഉണ്ടാകാറില്ലെന്നതാണു വാസ്തവം.

ചാനലുകളിലെ അവതാരകൻമുതൽ റിപ്പോർട്ടർമാർവരെ കടന്നുകയറ്റം എന്ന കലയിൽ അഭിരമിക്കുന്നവരാണ്. അവതാരകൻ സത്യത്തിന്റെ പക്ഷത്തു നില്ക്കേണ്ടയാളും സത്യം പുറത്തുകൊണ്ടുവരാൻ പാനലിസ്റ്റുകളെ ചോദ്യങ്ങളിലൂടെയും ഇടപെടലുകളിലൂടെയും സഹായിക്കേണ്ട ആളുമാണ്. പക്ഷേ, മിക്ക ചാനലുകളിലും ആൺ - പെൺ വ്യത്യാസമില്ലാതെ അവതാരകർ സ്വന്തം രാഷ്ട്രീയം പറയുന്നവരും അത് പ്രസംഗരൂപത്തിൽ അടിച്ചേല്പിക്കാൻ ശ്രമിക്കുന്നവരുമാണ്. അതുകൊണ്ടുതന്നെ ചർച്ചയ്ക്കുള്ള ഇടം അവർ നഷ്ടപ്പെടുത്തുകയാണ്. സ്വതന്ത്രചിന്താഗതിക്കാരായ കേൾവിക്കാരുടെമേലുള്ള കടന്നുകയറ്റമാണത്. വേട്ടക്കാരെപ്പോലെയാണ് ചില മാധ്യമപ്രവർത്തകർ. അവർ ചിലരെ കാണുന്നത് ഇരകളെപ്പോലെയാണ്. സെലിബ്രിറ്റികളായിട്ടുള്ളവരെപ്പോലും ആദരവില്ലാതെയാണു സമീപിക്കുന്നത്. ബോധപൂർവം കുടുക്കാൻ ശ്രമിച്ചു കുടുങ്ങുന്നവരുമുണ്ട്.

അടുത്തകാലത്ത് നടനും രാഷ്ട്രീയക്കാരനും പൊതുപ്രവർത്തകനുമായ സുരേഷ് ഗോപിയുടെ കാര്യത്തിൽ സംഭവിച്ചത് അതാണ്. മൈക്ക് കൈയിലുണ്ടെങ്കിൽ എന്തുമാകാം എന്നു ചിന്തിക്കുന്ന ചാനൽ പ്രവർത്തകരുടെ പ്രതിനിധിയെന്നപോലെ ഒരു റിപ്പോർട്ടർ അദ്ദേഹത്തെ പ്രകോപിപ്പിക്കാനും അവർ ഉദ്ദേശിച്ച ഉത്തരം അദ്ദേഹത്തെക്കൊണ്ടു പറയിപ്പിക്കാനും നടത്തിയ ശ്രമത്തിനിടയിൽ അവരെ നടൻ സ്പർശിച്ചുവെന്നത് വലിയ വിവാദമാവുകയും അദ്ദേഹത്തിന്റെ രാഷ്ട്രീയത്തിന് എതിരായുള്ളവരെല്ലാം ഒത്തുചേരുകയും ചെയ്തു. കേസ് കോടതിയിൽ എത്തിയിരിക്കുകയാണ്. മാധ്യമപ്രവർത്തകരെല്ലാം കണ്ടുനില്ക്കേ മാധ്യമപ്രവർത്തകയുടെ തോളിൽ നടൻ സ്പർശിച്ചത് ലൈംഗികാതിക്രമമാണോ എന്നു നിശ്ചയിക്കേണ്ടത് ഇനി കോടതിയാണ്.

തങ്ങളാണ് ലോകം ഭരിക്കുന്നതെന്ന മിഥ്യാധാരണ മാധ്യമപ്രവർത്തകർ ഒഴിവാക്കേണ്ടിയിരിക്കുന്നു. വ്യക്തികളെയും പൊതുസമൂഹത്തെയും നന്മയുടെ വഴിയിലേക്കു കൊണ്ടുവരേണ്ട മാധ്യമപ്രവർത്തകർ തന്നെ മര്യാദയില്ലാത്തവരും ധിക്കാരികളും അക്രമാസക്തരുമാകുന്നത് അപകടകരമാണ്. ■

---

## പൗരസ്ത്യസുറിയാനി ഭാഷാദിന സ്റ്റാറ്റസ് വീഡിയോ മത്സരം

ലോകപൗരസ്ത്യസുറിനാനി ഭാഷാദിനാചരണത്തോടനുബന്ധിച്ച് സുറിയാനിഭാഷയും പൈതൃകവും പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്റ്റാറ്റസ് വീഡിയോ മത്സരം സംഘടിപ്പിച്ചിരിക്കുന്നു. പാലാ രൂപതയുടെ സുറിയാനി പഠന,ഗവേഷണകേന്ദ്രമായ മുട്ടുചിറ ബേസ് അപ്രേം നസ്രാണി ദയറയാണ് സംഘാടകർ.

സുറിയാനിഭാഷാദിനാശംസകൾ ഉൾക്കൊള്ളുന്ന വീഡിയോ ആയിരിക്കണം. പോർട്രെയ്റ്റ് മോഡിൽ തയ്യാറാക്കിയ വീഡിയോ 30 സെക്കൻഡിൽ കൂടരുത്. വീഡിയോ നവംബർ 12 നുമുമ്പ് bethapremnazranidayra@gmail.com എന്ന ഇ - മെയിൽ വിലാസത്തിൽ പേരും ഫോൺനമ്പറും സഹിതം അയയ്ക്കേണ്ടതാണ്. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 2000, 1500, 1000 രൂപ വീതം സമ്മാനമുണ്ടായിരിക്കും. വിശദവിവരങ്ങൾക്ക് ഫോൺ : 8848869901, 9496703588, 6238514297.

# തീവ്രവാദത്തിന്റെ കേരളസ്റ്റോറി

3-ാം പേജ് തുടർച്ച

പിഡിപി നേതാവ് അബ്ദുൾ നാസർ മദനിയെ തമിഴ്നാട് സർക്കാർ അറസ്റ്റുചെയ്ത് കോയമ്പത്തൂർ ജയിലിൽ അടച്ചതിന്റെ പ്രതികാരമായാണ് ബസ് തട്ടിയെടുത്തു കത്തിച്ചതെന്നാണ് അന്വേഷണ ഏജൻസിയായ എൻഐഎ സ്ഥിരീകരിച്ചത്. ഇക്കാര്യം എൻഐഎയുടെ കുറ്റപത്രത്തിലുണ്ട്.

മദനിയുടെ ഭാര്യ സൂഫിയയുടെയും സുഹൃത്ത് മജീദ് പറമ്പായിയുടെയും പ്രേരണ സംഭവത്തിലുണ്ടായിരുന്നെന്നും കുറ്റപത്രത്തിൽ ചൂണ്ടിക്കാട്ടി. സൂഫിയയെ കേസിൽ പത്താം പ്രതിയായി ചേർത്തിരുന്നു. കേസിലെ വിചാരണ ഇനിയും പൂർത്തിയായിട്ടില്ല.

**വഴിത്തിരിവായത് അബ്ദുൾ റഹിമിന്റെ മരണം**

കളമശേരി ബസ് കത്തിക്കൽ കേസിൽ പ്രതിയായ പരപ്പനങ്ങാടി ചെട്ടിപ്പടി സ്വദേശി അബ്ദുൾ റഹിം കശ്മീരിൽ തീവ്രവാദ പ്രവർത്തനത്തിനിടെ സൈന്യവുമായുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടെന്ന വാർത്ത പുറത്തുവന്നതോടെ, കളമശേരി ബസ് കത്തിക്കൽ ദേശീയശ്രദ്ധയിലേക്കുമെത്തി. ആ മരണം ബസ് കത്തിക്കലിലെ തീവ്രവാദ ബന്ധത്തിലേക്കു വിരൽചൂണ്ടി.

പ്രതികളായ കണ്ണൂർ സ്വദേശിയായ തടിയന്റവിട നസീർ, പറവൂർ സ്വദേശി കെ.എ. അനൂപ്, പെരുമ്പാവൂർ സ്വദേശി സാബിൽ ബുഹാരി, താജുദ്ദിൻ എന്നിവർ കോടതിയിൽ കുറ്റം സമ്മതിച്ചു. നസീറും ബുഹാരിയും താജുദ്ദിനും ബംഗളൂരു സ്ഫോടനകേസിലും പ്രതികളാണ്. ബസ് കത്തിക്കൽ കേസിൽ മാത്രം വിവിധ വകുപ്പുകളിലായി മൂവർക്കും എൻഐഎ കോടതി 35 വർഷത്തിലേറെ തടവുശിക്ഷ വിധിച്ചെങ്കിലും, ശിക്ഷ ഒരുമിച്ചനുഭവിച്ചാൽ മതിയെന്നായിരുന്നു അന്തിമ ഉത്തരവ്.

**സൗഹാർദം നശിപ്പിച്ച കലാപങ്ങൾ**

1980 കളിൽ നിരോധിത സംഘടനയായ 'സിമി'യുടെയും മറ്റു ചില തീവ്രവാദസംഘടനകളുടെയും പ്രവർത്തനമെന്നു ചൂണ്ടിക്കാട്ടപ്പെട്ട സംഭവങ്ങൾ കേരളത്തിലുണ്ടായിരുന്നു. മലബാറിൽ ഓലമേഞ്ഞ സിനിമാ



*2023 ഒക്ടോബർ 29ന് കളമശേരി സാമ്രാ കൺവൻഷൻ സെന്ററിലുണ്ടായ സ്ഫോടനം*

തിയേറ്ററുകൾ കത്തിച്ചത്, ബാബറി മസ്ജിദ് തകർത്ത സംഭവത്തെത്തുടർന്നു മതസൗഹാർദത്തിനു തടസ്സമുണ്ടാക്കുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ, പൂന്തുറയിലും മട്ടാഞ്ചേരിയിലുമുണ്ടായ കലാപങ്ങൾ, 1990 കൾക്കുശേഷമുണ്ടായ തൃശൂർ റെയിൽവേ സ്റ്റേഷനിലെ സ്ഫോടനം, നാദാപുരം കലാപം, 2003 ലെ മാറാട് കലാപം തുടങ്ങിയ സംഭവങ്ങളെല്ലാം കേരളത്തിന്റെ മതസൗഹാർദമനസ്സിനേറ്റ മുറിവുകളായിരുന്നു.

മാറാട് കൂട്ടക്കൊലയെക്കുറിച്ച് അന്വേഷിച്ച തോമസ് പി. ജോസഫ് കമ്മീഷന്റെ റിപ്പോർട്ടിൽ, സംഭവങ്ങളിലെ തീവ്രവാദ ബന്ധത്തെക്കുറിച്ചു ചില സൂചനകൾ നൽകിയെങ്കിലും ആ വഴിയിൽ തുടരന്വേഷണങ്ങൾ നീങ്ങിയില്ല. അന്വേഷണ ഏജൻസികളോ സർക്കാരോ ഈ സംഭവങ്ങളിലൊന്നിലും തീവ്രവാദ ബന്ധം ഉറപ്പിച്ചുപറയാൻ തയ്യാറായുമില്ല.

**തീവ്രവാദപരിശീലനവും!**

സിമിയുടെ പരിശീലനക്യാമ്പുകൾ കേരളത്തിൽ പല ഭാഗങ്ങളിലും നടന്നതായി റിപ്പോർട്ടുകളുണ്ടായിരുന്നു. പാനായിക്കുളം, വാഗമൺ എന്നിവിടങ്ങളിൽ നടന്ന രഹസ്യക്യാമ്പുകളിൽ പരിശീലനം ലഭിച്ചവർ രാജ്യത്തിനകത്തും പുറത്തും വേരുകളുള്ള തീവ്രവാദസംഘടനകളിൽ ചേർന്നതായും വിവരങ്ങൾ പുറത്തുവന്നു.

**ബെഹ്റയും മുഖ്യമന്ത്രിമാരും പറഞ്ഞത്**

"കേരളം വലിയൊരു റിക്രൂട്ടിങ് ഗ്രൗണ്ടാണ്. ഇവിടുത്തെ ആളുകൾ വിദ്യാഭ്യാസമുള്ളവരാണ്; ഡോക്ടേഴ്സ്, എൻജിനീയേഴ്സ്. അവർക്ക് ഈ ടൈപ്പ് ആളെ വേണം. അവരുടെ ഒരു ലാർജർ ഗോളുണ്ടല്ലോ, അതുകൊണ്ട് ഈ ആളുകളെ ഏതു രീതിയിലും റാഡിക്കലൈസ് ചെയ്തു കൊണ്ടുപോകാം."

ഡിജിപി ചുമതലയിൽ കാലാവധി പൂർത്തിയാക്കി സ്ഥാനമൊഴിയുംമുമ്പ് ലോക്നാഥ് ബെഹ്റ പറഞ്ഞതാണ് ഈ വാക്കുകൾ. കേരളത്തിൽ തീവ്രവാദത്തിനു വേരുകളും ശാഖകളും ഉണ്ടെന്നു തുറന്നുപറഞ്ഞ കേരളത്തിലെ അന്നത്തെ പോലീസ് മേധാവിയുടെ വാക്കുകൾ കേരളം ഞെട്ടലോടെയാണു കേട്ടത്.

കേരളത്തിലെ ഒരു വിഭാഗം യുവജനങ്ങളെ കഴിഞ്ഞ ചില വർഷങ്ങൾക്കിടയിൽ ഡീറാഡിക്കലൈസേഷൻ പദ്ധതികളിലൂടെ തീവ്രവാദപ്രവർത്തനങ്ങളിൽനിന്നു പിന്തിരിപ്പിക്കാൻ സംസ്ഥാനസർക്കാർ ശ്രമം നടത്തിയെന്ന് 2021 ൽ മുഖ്യമന്ത്രി പിണറായി വിജയൻ വെളിപ്പെടുത്തിയിരുന്നു. 2006 ൽ മുഖ്യമന്ത്രിയായിരുന്ന വി.എസ്. അച്യുതാനന്ദൻ സംസ്ഥാനത്തെ തീവ്രവാദിസാന്നിധ്യത്തെക്കുറിച്ചും അവരുടെ ഗൂഢലക്ഷ്യങ്ങളെക്കുറിച്ചും മുന്നറിയിപ്പുകൾ നൽകി.

കളമശേരിയിലെ പ്രാർഥനച്ചടങ്ങിനിടയിൽ നടന്ന ബോംബുസ്ഫോടനംവരെയെത്തിനിൽക്കുന്ന വിവിധ സംഭവങ്ങളിലേക്കു ഗൗരവമാർന്ന അന്വേഷണം വേണമെന്നതിലേക്കുകൂടിയാണ് ഇത്തരം മുന്നറിയിപ്പുകൾ ഇന്നു വിരൽചൂണ്ടുന്നത്.

പശ്ചിമേഷ്യൻ വിഷയത്തിലും കേരളത്തിലെ വോട്ടുബാങ്ക് നിക്ഷേപം ഉണ്ടെന്നു കരുതുന്ന, അതിനായി 'ഐക്യദാർഢ്യ വേഷം' കെട്ടിയാടുന്ന അധികാരരാഷ്ട്രീയം, അങ്ങു വടക്കോട്ടു നോക്കി തീവ്രവാദത്തെയും വാരിപ്പുണരാൻ വെമ്പിനിൽക്കുമ്പോൾ, സവിശേഷജാഗ്രതയും വേണ്ടിവരും.

■

**ശ്രേഷ്ഠമലയാളം**



ഡോ. ഡേവിസ് സേവ്യർ

## അടുക്കള

മലയാളത്തിലെ അതിസാധാരണമായ ഒരു വാക്കാണ് അടുക്കള. ഈ പദത്തിന്റെ നിഷ്പത്തി എന്താണ്? അടു എന്ന ധാതുവിനോട് 'കളം' ചേർന്നുണ്ടായ പദമാണത്. അടു എന്ന ധാതുവിനു പാകംചെയ്യുക എന്നാണർഥം. അതു ചെയ്യുന്ന ശാല അഥവാ കളം ആണ് അടുക്കള. കളം എന്നതിന്റെ അന്ത്യമായ അനുസ്വാരം നഷ്ടപ്പെടുമ്പോൾ രൂപം കള എന്നാകുന്നു. ഉദാസീനത കൊണ്ടു സംഭവിക്കുന്ന വർണവികാരമാണത്. (കളം → കള).

കള എന്ന ഉത്തരപദത്തിനു സംസ്കൃതത്തിലെ ഖല്(ം) ശബ്ദവുമായി ബന്ധമുണ്ട്. രണഖലം എന്ന സമസ്തപദത്തിനു പോർക്കളം എന്നാണല്ലോ അർഥം. 'ഖലേകപോതന്യായ'ത്തിലെ, ഖല(ധാന്യം ചേറുന്ന മുറ്റം)ത്തിനും കളം എന്നുതന്നെയാണു വിവക്ഷിതം. ഖ - ക വിനിമയം മലയാളത്തിലെ സ്വാഭാവികപ്രവണതയാണ്. ഖണ്ഡം - കണ്ടം. സംസ്കൃതത്തിലെ ഖലശബ്ദവുമായി മലയാളത്തിലെ കളം ബന്ധപ്പെട്ടിരിക്കുന്നുവെന്നു സാരം.*

കളം, കള എന്നീ വാക്കുകൾ ഒരേ ധാതുവിൽനിന്നു നിഷ്പന്നങ്ങളാണ്. എന്നാൽ, നാമമായ കളയ്ക്കു നെൽപ്പാടങ്ങളിലെ പാഴ്പ്പുല്ല് എന്നർഥം വരും. കളയേണ്ട അഥവാ ഉപേക്ഷിക്കേണ്ട വസ്തുവെന്നു നിരുക്തി. ആ 'കള'യല്ല അടുക്കളയിലെ 'കള'. അനുസ്വാരലോപത്താൽ കളം 'കള' ആയതാണ്. അതായത്, അടുക്കുന്ന (പാചകം ചെയ്യുന്ന) ഇടമാകുന്നു അടുക്കള. അടു, കള എന്നീ വാക്കുകൾ വിശേഷണവിശേഷ്യങ്ങൾ ആയതിനാൽ ഉത്തരപദാദിയിലെ കകാരത്തിനു ദ്വിത്വം വന്ന് 'അടുക്കള'യായിത്തീർന്നു. സമീപിക്കുക, ചേരുക, തുല്യമാകുക, കൊടുക്കുക, പാകം ചെയ്യുക എന്നിങ്ങനെ അനേകാർഥങ്ങൾ ഉള്ള അടുധാതുവിൽനിന്നുതന്നെയാണ് അടുപ്പ് (അടു + പ്പ്) എന്ന സംജ്ഞയും നിഷ്പന്നമായത്. അങ്ങനെ, അടുപ്പും അടുക്കളയും സഹവർത്തികളാകുന്നു.

അനുബന്ധം: ഖലേകപോതന്യായം. ഖലം = കളം; കപോതം = പ്രാവ്. നെല്ലുണക്കുന്ന കളമുറ്റത്തിൽ ബാലപ്രാവ്, യുവപ്രാവ്, വൃദ്ധപ്രാവ് എന്ന ഭേദമില്ലാതെ അസംഖ്യം പ്രാവുകൾ വന്നുകൂടുന്നു. ഏകകാലത്തിൽ അനേകം വസ്തുക്കൾ ഒരു വസ്തുവിനെ ആശ്രയിക്കുക എന്ന ആശയത്തെ ഈ ന്യായം കാണിക്കുന്നു.

* ലത വി. നായർ, സമ്പാദനം, എൻ.ആർ. ഗോപിനാഥപിള്ളയുടെ കൃതികൾ, വാല്യം ഒന്ന്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം - 542, 543.

**കവിത** സി. ഡൊമിനിക് SABS

## ദുരിതപർവം

പണ്ടു പണ്ടൊരുനാളിലുണ്ടായിരുന്ന കപി
പുംഗവനവനൊരു ശുംഭനായിരുന്നുപോൽ
നിർഭയം ജലാശയേ സ്വച്ഛമായ് ജീവിച്ചൊരു
മത്സ്യത്തെപ്പിടിച്ചയാൾ വൃക്ഷശാഖയിൽ വച്ചു.
മുങ്ങിച്ചാവാതെ പാവം ജീവിയെ രക്ഷിച്ചുതാ-
നെന്നഭിമാനത്തോടെ പറഞ്ഞു കൃതാർത്ഥനായ്
മാനവക്ഷേമത്തിനായ് കാനനം വേണമേറെ
ജീവികളതിൽക്കളിച്ചുല്ലസിച്ചു വാഴണം.
സുരക്ഷയേകി വന്യമൃഗങ്ങൾക്കെല്ലാം നമ്മൾ
അരക്ഷിതരായ്ത്തീർന്നു മർത്ത്യരെല്ലാരുമിപ്പോൾ.
കാട്ടുമൃഗങ്ങളെല്ലാം പെറ്റു പെരുകീട്ടവ
നാട്ടിലേക്കിറങ്ങുന്നു കാട്ടിലിടമില്ലാതെ.
കഠിനാധ്വാനം ചെയ്തു കർഷകർ വിളയിക്കും
കാർഷികവിഭവങ്ങളൊന്നാകെ ഭക്ഷിക്കുന്നു.
പാവമാം കൃഷീവലൻ ഹിംസ്രജന്തുക്കൾ മുന്നിൽ
കയ്യും കെട്ടി നിൽക്കണം ജീവനെ ത്യജിക്കേണം
കാട്ടുപോത്തിന്റെ കൊമ്പിൽ പൊലിയും ജീവിതങ്ങൾ
കാട്ടാനക്കാൽക്കീഴിലായ് പിടയും ഹതഭാഗ്യർ
ആരുമേ കാണുന്നില്ലീ ദാരുണമരണങ്ങൾ
ആർക്കുമേ ഖേദമില്ലീ ദുരന്തവേളകളിൽ.
ആനയ്ക്കു ഫാൻസുണ്ടവർ സംഘടിച്ചീടും പിന്നെ
ജാഥകൾ നടത്തീടും പൂജകളണച്ചീടും.
ഗജവീരന്മാരവർക്കാരോഗ്യമുറപ്പാക്കാൻ
നീതിപീഠങ്ങൾ തേടും മൃഗസ്നേഹികൾ ചിലർ
പട്ടിയെ തട്ടിയിട്ടു നാട്ടിലിറങ്ങാൻ വയ്യ
സ്വന്തമാം വീട്ടിൽപ്പോലും സുരക്ഷയില്ലപോലും.
കടൽക്കാറ്റേറ്റു സ്വന്തക്ഷീണമൊന്നകറ്റവേ
നായ്ക്കളാക്രമിച്ചങ്ങു കൊന്നൊരു യുവാവിനെ.
ശ്വാനസേനകൾ പിഞ്ചുബാലികയൊന്നിനെ ഹാ,
കടിച്ചുവലിച്ചങ്ങു കൊണ്ടുപോയേറെ ദൂരം
ഭാഗ്യമേ! ആരോ കണ്ടു രക്ഷിച്ച പൈതലിന്റെ
മുഖമോ കടിയേറ്റു വികൃതമായിപോലും!
ശത്രുവിനെതിരായി ശബ്ദമുയർത്താൻപോലും
കെല്പില്ലാത്തൊരു ബാലൻ പട്ടികൾക്കാഹാരമായ്.
നൊന്തുപെറ്റ തള്ളതൻ ചങ്കുപൊട്ടും രോദനം
കേൾക്കുവാനാരുമില്ല ദൈവത്തിൻ സ്വന്തം നാട്ടിൽ.
തെരുവിൻ നായ്ക്കളെല്ലാം സർവസ്വതന്ത്രരിന്ന്
ആരെയും കടിക്കാനും കൊല്ലാനുമവർക്കാവും.
പേപ്പട്ടി കടിച്ചിട്ടങ്ങൊട്ടുപേർ മരിക്കുമ്പോൾ
പട്ടിയെ കുത്തിവയ്ക്കാൻ നെട്ടോട്ടമോടും ചിലർ.
പ്രാണരക്ഷാർഥമൊരാൾ നായയെ ഹിംസിച്ചെന്നാൽ
പിറ്റേന്നുതന്നെയവൻ പാറാവിനുള്ളിലാകും.
ആരാണു ശ്രേഷ്ഠനിന്ന് ശ്വാനനോ മാനവനോ?
കഷ്ടമെന്നല്ലാതെന്തു ചൊല്ലുവാൻ കഴിഞ്ഞിടും?




വീയെൻ

# കഥാകൃത്തുക്കളുടെ പ്രതാപകാലം തിരിച്ചുവരുമോ?

"സിനിമയെങ്ങനെയുണ്ട്"
"പൊളിച്ചു"
"ഹീറോ"
"കിടിലൻ"
"സംവിധായകനോ"
"എന്താ മേക്കിങ്... ഒരു രക്ഷയുമില്ല..."
"സ്ക്രിപ്റ്റ് ആരുടേതാ"
"....."
കഥ ആരെഴുതിയതാണെന്ന്?
"സത്യം പറയാമല്ലോ ബ്രോ എനിക്കറിയില്ല"

ഇന്നത്തെ മലയാളസിനിമ കണ്ടിറങ്ങുന്ന ഒട്ടുമിക്ക പ്രേക്ഷകരുടെയും പ്രതികരണം ഇങ്ങനെയൊക്കെത്തന്നെയാവും. പ്രത്യേകിച്ച്, സിനിമയുടെ കഥയെയും തിരക്കഥയെയും സംഭാഷണത്തെയുംകുറിച്ചൊക്കെ ചോദിച്ചാൽ. കാരണം, നിലവിലെ ഭൂരിപക്ഷം സിനിമകളുടെയും കഥാകൃത്തുക്കളെക്കുറിച്ചോ, തിരക്കഥാകൃത്തുക്കളെക്കുറിച്ചോ പലർക്കും അറിയില്ല. ഇതു പ്രേക്ഷകന്റെ കുറവായിട്ടോ അജ്ഞതയായിട്ടോ പറയാനാവില്ല. സിനിമയ്ക്കു സംഭവിച്ച മാറ്റത്തിന്റെ ഭാഗമാണിത്. പഴയകാലത്ത്, എന്തിന്, പത്തോ ഇരുപതോ വർഷം മുമ്പുപോലും സിനിമയിലേക്ക് ആളുകളെ ആകർഷിച്ചിരുന്ന ഒരു പ്രധാനഘടകം നായകനും സംവിധായകനും ഒപ്പംതന്നെ തിരക്കഥാകൃത്തിന്റെ പേരുകൂടിയായിരുന്നു. അല്ലെങ്കിൽ, തിരക്കഥാകൃത്തിന്റെ പേരിൽക്കൂടി അറിയപ്പെട്ടതായിരുന്നു മലയാള സിനിമകൾ. എംടിയുടെ പടം, പത്മരാജന്റെ പടം, ലോഹിതദാസിന്റെ പടം ഇങ്ങനെയൊരു കാലമുണ്ടായിരുന്നു നമുക്ക്.

ഉദാഹരണത്തിനായി, പല തലമുറകളിലൂടെ കടന്നുപോയി ചിലരുടെ പേരുകൾ നോക്കാം. ശാരംഗപാണി, തോപ്പിൽ ഭാസി, എസ് എൽ പുരം, ഷെരീഫ്, പത്മരാജൻ, എംടി, ലോഹിതദാസ്, രഞ്ജിത്ത്, ജോൺപോൾ, ഡെന്നിസ് ജോസഫ്, കലൂർ ഡെന്നീസ്. കെ ജി ജോർജ്, അടൂർ ഗോപാലകൃഷ്ണൻ, രഘുനാഥ് പലേരി, ശ്രീനിവാസൻ, രഞ്ജി പണിക്കർ, ടി ദാമോദരൻ.. ഫാസിൽ, മധു മുട്ടം.

ഇനി കുറച്ചുകൂടി പുതിയതു പറഞ്ഞാൽ ബോബി സഞ്ജയ്, രഞ്ജൻ പ്രമോദ്, ജെയിംസ് ആൽബർട്ട്, ബെന്നി പി നായരമ്പലം, റാഫിമെക്കാർട്ടിൻ, സിബി കെ തോമസ് - ഉദയ്കൃഷ്ണ. ഏറ്റവും അവസാനമായി ശ്യാം പുഷ്കരൻ.. ഇതിന്റെ തുടർച്ചയായി പറയാൻ പുതിയൊരു പേര് മലയാളസിനിമാപ്രേക്ഷകരുടെ നാവിൻത്തുമ്പത്തുണ്ടോ?

മലയാളത്തിൽ അടുത്തയിടെ ഹിറ്റായ, നൂറുകോടി ക്ലബിൽ ഇടംപിടിച്ചുവെന്ന് അവകാശപ്പെടുന്ന സിനിമകളുടെപോലും രചയിതാക്കളെ ഭൂരിപക്ഷമലയാളികളും കേട്ടിട്ടുംകൂടിയില്ല. 2018 എന്ന ഹിറ്റ് സിനിമയുടെ തിരനാടകം എഴുതിയത് അഖിൽ പി ധർമജൻ ആണെന്ന് എത്രപേർക്കറിയാം? രോമാഞ്ചത്തിന്റെയോ കണ്ണൂർ സ്ക്വാഡിന്റെയോ ജോ ആന്റ് ജോ, പ്രണയവിലാസം തുടങ്ങിയവയുടെയോ തിരക്കഥാകൃത്തുക്കളെ പ്രേക്ഷകർക്കറിയില്ല. ആര് എഴുതിയെന്നത് അവരെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണെന്നുകൂടി പറയാം.

ഇന്ന് സിനിമയുടെമേൽ തിരക്കഥാകൃത്തിനു മേൽക്കോയ്മയൊന്നുമില്ല. കൂട്ടുകൃഷി എന്ന പ്രയോഗംപോലെ കൂട്ടെഴുത്തായി സിനിമ മാറിയിരിക്കുന്നു. നായകനുവേണ്ടി പൊളിച്ചെഴുതി, സംവിധായകനുവേണ്ടി മാറ്റിയെഴുതി. ഷൂട്ടിങ് ക്രൂ ഒരുമിച്ചു ചർച്ച ചെയ്ത്, താരങ്ങൾ സൃഷ്ടിച്ച് പകർത്തെഴുത്തുകാരന്റെ റോളിലേക്കു തിരക്കഥാകൃത്തു മാറിയിരിക്കുന്നു. പണ്ട് ഇങ്ങനെയായിരുന്നോ സ്ഥിതി? എംടിയും പത്മരാജനും ലോഹിതദാസുമൊക്കെ തിരക്കഥയുടെ രാജാക്കന്മാരായിരുന്നു. അത്യാവശ്യംവേണ്ട നിർദേശങ്ങൾ സംവിധായകനിൽനിന്നു സ്വീകരിച്ചിട്ടുണ്ടാവാമെന്നല്ലാതെ കഥയുടെ ചുക്കാൻ അവർ മറ്റാർക്കും വിട്ടുകൊടുത്തിരുന്നില്ല. എംടിയുടെയോ ലോഹിതദാസിന്റെയോ പത്മരാജന്റെയോ തിരക്കഥകളിൽ കൈവയ്ക്കാൻ അന്നൊരു നടനും സംവിധായകനും തയ്യാറായിരുന്നില്ല. എംടി എന്താണോ എഴുതിയത് അതിനെ ദൃശ്യവത്കരിക്കുക മാത്രമാണ് ഹരിഹരനെപ്പോലെയുള്ളവർ ചെയ്തത്. ലോഹിതദാസ് എഴുതിവയ്ക്കുന്നതിനെ പകർത്തുക മാത്രമായിരുന്നു സിബി മലയിലിനെപ്പോലെയുള്ളവരും ചെയ്തുകൊണ്ടിരുന്നത്. സിനിമയ്ക്കുമേൽ അത്രത്തോളം അപ്രമാദിത്വമുള്ളവരായിരുന്നു അക്കാലത്തെ തിരക്കഥാകൃത്തുക്കൾ.

മലയാളസിനിമയിൽ ഏറ്റവുംകൂടുതൽ തിരക്കഥകൾ രചിച്ചത് താനാണെന്നാണ് ശ്രീനിവാസൻ അവകാശപ്പെട്ടത്. അതു ശരിയുമായിരിക്കും. നടനെക്കാൾ ശ്രീനിവാസൻ എന്ന തിരക്കഥാകൃത്തിനെയാണ് മലയാളസിനിമ കൂടുതൽ പ്രയോജനപ്പെടുത്തിയത്. ശ്രീനിവാസൻ എന്ന തിരക്കഥാകൃത്തിന്റെ പേരു കൊണ്ടുമാത്രം ശ്രദ്ധേയമായ എത്രയോ സിനിമകൾ ഉണ്ടായിരിക്കുന്നു! തിരക്കഥ പൂർണരൂപത്തിലാവാതെതന്നെ ഷൂട്ട് തുടങ്ങി സൂപ്പർഹിറ്റുകളായി മാറിയവയാണ് ആ സിനിമകളെല്ലാം. ഷൂട്ട് തുടങ്ങിയിട്ട് കഥ മോശമായിപ്പോയെന്നുതോന്നി നിർത്തിവയ്ക്കുകയും പിന്നീട് ഒരു കടൽത്തീരത്തിരുന്ന് സംവിധായകനൊപ്പം സംസാരിച്ചുവന്ന തീമിൽനിന്നാണ് ഭരതം എന്ന സിനിമ ഉണ്ടായതെന്നും വായിച്ചിട്ടുണ്ട്. ഒരാഴ്ചകൊണ്ടാണ് അടിയൊഴുക്കുകൾ എന്ന സിനിമയുടെ തിരക്കഥയെഴുതിയതെന്ന് എംടി പറഞ്ഞത് ഓർമിക്കുന്നു. ഇന്ന് മാസങ്ങളോളം നീളുന്ന കഥാചർച്ചയും അതിന്റെ ഭാഗമായുള്ള മദ്യസേവയും ലഹരിസേവയുമായിട്ടാണ് സിനിമക്കഥാചർച്ചകൾ പുരോഗമിക്കുന്നത്

എഴുത്തിന്റെ ഒറ്റപ്പെട്ടതും ഏകാന്തവുമായ തുരുത്തിലേക്കു പ്രവേശിച്ചുകഴിയുന്നതോടെ പഴയകാലതിരക്കഥാകൃത്തുക്കൾ കഥാപാത്രങ്ങളായി മാറുന്നു. അല്ലെങ്കിൽ കഥാപാത്രങ്ങൾക്കൊപ്പം കരഞ്ഞും ചിരിച്ചും സംഘർഷമനുഭവിച്ചും അവർ കഥാപാത്രങ്ങളെ സൃഷ്ടിച്ചെടുക്കുന്നു. ആ കഥാപാത്രങ്ങളെയും അവരുടെ സിനിമകളെയും ഇന്നും മലയാളസിനിമയ്ക്ക് അവഗണിക്കാനാവില്ല. വടക്കൻവീരഗാഥയിലെ ചന്തുവായും കിരീടത്തിലെ സേതുവായും തനിയാവർത്തനത്തിലെ ബാലൻമാഷായും നമുക്കു പാർക്കാൻ മുന്തിരിത്തോപ്പിലെ സോളമനായും എത്രയെത്ര കഥാപാത്രങ്ങൾ. ഇങ്ങനെ എണ്ണംപറഞ്ഞ സംഭവങ്ങൾ പരാമർശിച്ചത് തിരക്കഥാകൃത്തുകൾക്കു സിനിമയിലുണ്ടായിരുന്ന സ്ഥാനത്തെയും അവരുടെ കഴിവിനെ എന്തുമാത്രം സിനിമ വകവച്ചിരുന്നുവെന്നതിനെയും വ്യക്തമാക്കാനുംകൂടിയാണ്.

ഇന്ന് തീയേറ്ററുകളിൽ ചിലപ്പോൾ സിനിമ ഹിറ്റാകുന്നുണ്ടാവും. അതൊരിക്കലും കഥയുടെ മേന്മകൊണ്ടോ കഥാപാത്രത്തിന്റെ മികവുകൊണ്ടോ അല്ല. മേക്കിങ്ങിന്റെ രീതികൾകൊണ്ടാണ്. പെട്ടെന്ന് ഓർത്തെടുക്കാൻ കഴിയുന്നവിധത്തിൽ, ഹൃദയത്തിൽ നിന്നിറക്കിവിടാൻ കഴിയാത്തവിധത്തിൽ ഇന്നെതെങ്കിലും കഥാപാത്രങ്ങളെ സിനിമയിൽ നാം കണ്ടുമുട്ടുന്നുണ്ടോ? അപൂർവമെന്നേ പറയാനാവൂ. ഇരട്ടയും നായാട്ടും കുമ്പളങ്ങി നൈറ്റ്സുംപോലെയുള്ള ചുരുക്കംചില സിനിമകൾമാത്രമേ നമുക്ക് അവിസ്മരണീയത സമ്മാനിച്ചിട്ടുള്ളൂ. അല്ലെങ്കിൽ കഴിഞ്ഞ അഞ്ചുവർഷത്തിൽ പുറത്തിറങ്ങിയ, വേണ്ട, പത്തു വർഷത്തിൽ പുറത്തിറങ്ങിയ സിനിമകളിൽ ഇന്നും അവിസ്മരണീയങ്ങളായ എത്ര കഥാപാത്രങ്ങളുണ്ട് നമുക്ക്?

ഒരു ഗ്രാമത്തിൽ പുലിയിറങ്ങുന്നു. പുലിയെ പിടിക്കാൻ ഒരാളു വരുന്നു. പുലിയെ പിടിക്കാൻ വന്നയാൾ പുലിയെക്കാൾ പ്രശ്നക്കാരനാകുന്നു. ഇതായിരുന്നു ലോഹിതദാസ് ഐവി ശശിയോടു പറഞ്ഞ ത്രെഡ്. അതിൽനിന്നാണ് മൃഗയ എന്ന സിനിമ പിറന്നത്. പറഞ്ഞുവന്നത് സിനിമയുടെ കഥകൾക്ക് ജീവിതപരിസരമുണ്ടായിരുന്നു. ജീവിതത്തോട് ആഭിമുഖ്യമുണ്ടായിരുന്നു. ബന്ധങ്ങളുടെ ഊഷ്മളതയുണ്ടായിരുന്നു. നമ്മുടെതന്നെ ജീവിതങ്ങളുമായി അവയ്ക്കു ബന്ധമുണ്ടായിരുന്നു. ഇന്ന് അങ്ങനെ പലതും സംഭവിക്കുന്നതേയില്ല.


എം. ടി. വാസുദേവൻനായർ


പത്മരാജൻ


ലോഹിതദാസ്


ജോൺപോൾ

അതോടൊപ്പംതന്നെ മറ്റൊരു പ്രതിഭാസവും നിരീക്ഷിക്കേണ്ടതായിട്ടുണ്ട്. ഒരു ഹിറ്റ് സിനിമയ്ക്കു തിരക്കഥയെഴുതിയ ആൾക്കുപോലും രണ്ടാമതൊരു സിനിമ കിട്ടുന്നില്ല. കിട്ടിയാൽത്തന്നെ ഏറെ വർഷങ്ങൾ കാത്തിരിക്കേണ്ടിവരുന്നു. വ്യക്തമായ കാഴ്ചപ്പാടും തനതായ മുദ്രകളും പതിപ്പിക്കാൻ തിരക്കഥാകൃത്തുക്കൾക്കു കഴിയാതെപോകുന്നു. ഇത് അവരുടെ സർഗശേഷിക്കു കുറവുള്ളതുകൊണ്ടല്ല, ഒരു സിനിമ ഓൺ ആക്കിയെടുക്കാൻ അവർ ഏറെ ക്ലേശിക്കേണ്ടിവരുന്നുവെന്നതുകൊണ്ടും പുതിയ രീതികളനുസരിച്ച് എഴുതാൻ പലർക്കും സാധിക്കാതെ വരുന്നു എന്നതുകൊണ്ടുമാണ്.

നല്ല സിനിമയെഴുതുകയും സൂപ്പർഹിറ്റുകൾ സൃഷ്ടിക്കുകയും ചെയ്യുന്ന തിരക്കഥാകൃത്തുക്കളിൽ പലർക്കും ബാങ്ക് ബാലൻസോ വൻ ഭൂസ്വത്തോ ഇല്ലായെന്നും നിരീക്ഷിക്കേണ്ടതുണ്ട്. ഉദാഹരണം ജോൺപോൾ. മരണംവരെ അദ്ദേഹം വാടകവീടുകളിലായിരുന്നു താമസിച്ചിരുന്നത്. രോഗചികിത്സയ്ക്കായി പൊതുജനങ്ങളുടെ സഹായംപോലും അഭ്യർഥിക്കേണ്ട സാഹചര്യവും അദ്ദേഹത്തിനുണ്ടായിട്ടുണ്ട്. അദ്ദേഹം സൃഷ്ടിച്ചെടുത്ത കഥാപാത്രങ്ങളിലൂടെ സൂപ്പർസ്റ്റാറുകളും മികച്ച നടീനടന്മാരുമായി പലരും മാറുകയും അവർ കോടിക്കണക്കിനു പ്രതിഫലം കൈപ്പറ്റുകയും ചെയ്തിട്ടും അവരെ ആ നിലയിലെത്തിച്ച കഥാകൃത്തിന് അർഹിക്കുന്ന പ്രതിഫലംപോലും കിട്ടാതെ വരുന്നു.

ലോഹിതദാസിനെപ്പോലെയുള്ളവർക്കുപോലും ഇത്തരം ദുരവസ്ഥയുണ്ടായിട്ടുണ്ട്. ശ്രീനിവാസനും എംടിയുംപോലെ ചിലർമാത്രമേ ഇതിന് അപവാദമായിട്ടുള്ളൂ. അല്ലെങ്കിൽ അക്ഷരങ്ങളെ ആദരിക്കാനും അതു കുട്ടിയെഴുതാൻവേണ്ടി അയാൾ ചിന്തിയ വിയർപ്പിനെയും രക്തത്തുള്ളികളെയുംകുറിച്ചു ചിന്തിക്കാനും ആർക്കാണു തിരിച്ചറിവുള്ളത്? ആ തിരിച്ചറിവ് ഇല്ലാത്തിടത്തോളംകാലം എഴുത്തുകാർ ഇനിയും പലവിധത്തിലും പല മേഖലയിലും അവഗണിക്കപ്പെട്ടുകൊണ്ടേയിരിക്കും.

ഒരു നടനും ഒരു സംവിധായകനും അവർക്കുമാത്രമായി നിലനില്ക്കാനാവില്ല, അവരുടെ നിലനില്പ് അടിത്തറയുള്ള കഥയിലും തിരക്കഥയിലുമാണ്. ആ കഥയും തിരക്കഥയും വിട്ടുകളയുമ്പോൾ അവർ തങ്ങൾ ഇരിക്കുന്ന കമ്പുകൂടിയാണ് മുറിക്കുന്നത്. കഥാകൃത്തുക്കളുടെ പ്രതാപകാലം തിരിച്ചുവരട്ടെ. അപ്പോൾമാത്രമേ കഥയും കാമ്പുമുള്ള സിനിമകൾ ഉണ്ടാവുകയുള്ളൂ. അതുവരെ നേരംകൊല്ലി സിനിമകൾ കണ്ട് നമുക്ക് സമയംകളഞ്ഞ് സിനിമയെ മറക്കാം. ■

Deepanalam weekly

RNI No : 16998/68
Vol. 56 No. 36 Date of Publication 9 Nov 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# PALA STEEL & CEMENTS

Market Road, Pala

Ph: 04822-212977, 211882, 9447114015, 9778137731

Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA

34 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn; അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം പൊൻകുന്നം
Ph: 9495195739, 9495021259

HINDI TTC

എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം കൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes




60 Years Trust KTS PRODUCTS SINCE 1995

Tastit™ ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2015 CERTIFIED COMPANY

www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

## ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം

## കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.

സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.

പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും.

LITHOS PAVING TILES
ISO 9001:2015







Royal Industries
Near St Antony's Abbot Church,
Elamthottam, Pala, Pin 686651

907 264 7007
907 264 7008


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org